an IPC Kerala State Publication

# സീയോൻ കാഹളം

# ZION KAHALAM

XXXV | ISSUE 3 | 2017 DECEMBER









ഐ.പി.സി. സംസ്ഥാന കൺവൻഷന് അനുഗ്രഹീതമായ തുടക്കം

സീയോൻ കാഹളം
ZION KAHALAM

## പബ്ലിക്കേഷൻ ബോർഡ്


പാസ്റ്റർ ഏബ്രഹാം ജോർജ്ജ്
(ചെയർമാൻ)


പാസ്റ്റർ തോമസ് മാത്യു ചാരുവേലിൽ
(വൈസ് ചെയർമാൻ)


എബ്രഹാം ജോസഫ്
(ചീഫ് എഡിറ്റർ)


ബിനോയ് ഇടക്കല്ലൂർ
(സെക്രട്ടറി)


ജെസ്റ്റിൻ രാജ്
(ട്രഷറാർ)


ഗ്ലാഡ്സ്റ്റൺ ജേക്കബ്
(പബ്ലീഷർ)


പാസ്റ്റർ സുനിൽ വേട്ടമല
(മാനേജിംഗ് എഡിറ്റർ)


കെ.റ്റി.ജോഷ്വ
(സർക്കുലേഷൻ മാനേജർ)


വിൻസി പി. മാമ്മൻ
(ഓഫീസ് സ്റ്റാഫ്)


ജോൺ വിനോദ് സാം
(ഓഫീസ് സ്റ്റാഫ്)


ബോബൻ എ.റ്റി.
(ഓഫീസ് സ്റ്റാഫ്)

## താളുകൾ മറിക്കുമ്പോൾ


എഡിറ്റോറിയൽ 3
*എബ്രഹാം ജോസഫ്*
ചെയർമാന്റെ സന്ദേശം 4
*പാസ്റ്റർ എബ്രഹാം ജോർജ്*
പ്രസിഡന്റിന്റെ സന്ദേശം 5
*പാസ്റ്റർ കെ.സി.തോമസ്*
സ്റ്റേറ്റ് സെക്രട്ടറിയുടെ കത്ത് 6
*പാസ്റ്റർ ഷിബു നെടുവേലിൽ*
അഭിമാനത്തോടെ ഒരു വർഷം പിന്നിടുന്നു 7
*ജോയി താനുവേലിൽ*
സഭയുടെ മുഖ്യ ദൗത്യം 8
*പാസ്റ്റർ കെ.സി.ജോൺ*
പരസ്യകോലമാവല്ലെ 9
*സജി മത്തായി കാതേട്ട്*
നമുക്കുവേണം മതപ്രബോധനവും പിന്നെ നിയമബോധവും 11
*രാജു ആനിക്കാട്*
സ്വഭാവവൈശിഷ്ട്യമുള്ള ഒരു കർത്തൃദാസൻ 12
*പാസ്റ്റർ പി. ജെ. ഡാനിയേൽ*
സോഷ്യൽ മീഡിയ ന്യൂക്ലിയർ എനർജി 15
*പാസ്റ്റർ. ജോമോൻ തെക്കേക്കര*
വനമേഘലയിലെ സഭാ പ്രവർത്തനം 16
*ഉാഹ പാസ്റ്റർ ജോസഫ് വറുഗീസ്*
ഉയരങ്ങളിലേക്ക് 17
*ഒമേഗ സുനിൽ*
മലയാളി തലകുനിക്കുന്നു 19
*പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നിൽ*
വാർത്തകൾ 21



Address: Chief Editor, Zion Kahalam, Hebron,
Kumbanad - 689 547, Kerala, India
9446115927 / 9447329000 / 9447273013


വാർഷിക വരിസംഖ്യ
100 രൂപ മാത്രം

## അഡ്വൈസറി ബോർഡ്


പാസ്റ്റർ കെ.സി. തോമസ്
(പ്രസിഡന്റ്)


പാസ്റ്റർ രാജു പൂവക്കാല
(വൈസ് പ്രസിഡന്റ്)


പാസ്റ്റർ ഷിബു നെടുവേലിൽ
(സെക്രട്ടറി)


പാസ്റ്റർ സി.സി. ഏബ്രഹാം
(ജോ. സെക്രട്ടറി)


മോനി കരിക്കം
(ജോ. സെക്രട്ടറി)


ജോയി താനുവേലിൽ
(ട്രഷറാർ)

Editorial
എഡിറ്റോറിയൽ



# യേശുവിനെ സ്നേഹിക്കുക
# (LOVE JESUS)

ഒരു കൺവൻഷൻ കാലംകൂടി വന്നു ചേർന്നിരിക്കുന്നു. നമ്മുടെ രക്ഷിതാവും കർത്താവുമായ യേശുക്രിസ്തുവിന്റെ പ്രിയ ശിഷ്യനായ പത്രോസിനോട് യേശുക്രിസ്തു ചോദിക്കുന്നു; നീ എന്നേ സ്നേഹിക്കുന്നുവോ, മൂന്ന് പ്രാവശ്യം കർത്താവ് ആവർത്തിച്ച് ചോദിച്ചതിന് പത്രോസ് യേശുവിനോട് എനിക്ക് നിന്നോട് പ്രിയമുണ്ടെന്ന് പറഞ്ഞിട്ട് മൂന്നാമത് പറയുന്ന മറുപടി ശ്രദ്ധേയമാണ് കർത്താവേ സകലതും നീ അറിയുന്നു. (യോഹ. 21:15-18).

ഈ ചോദ്യം കർത്താവ് നമ്മോടും ചോദിക്കുകയാണ് Do you love me? പെന്തെക്കോസ്ത് വിശ്വാസികളായ നമുക്ക് എത്രമാത്രം ആത്മാർത്ഥയോടെ മറുപടി പറയാൻ കഴിയും, Yes I Love Jesus കർത്താവിനെ സ്നേഹിക്കുന്നുവെന്ന് നാം പറയുമ്പോഴും ചിന്തിക്കുമ്പോഴും കർത്താവ് കാൽവറിയിൽ നമ്മുടെ ജീവന് മറുവിലയായി തന്റെ ജീവന് മറുവിലയായി തന്ന ആ സ്നേഹത്തിന്റെ ആഴം ഉൾക്കൊണ്ടാണോ നാം യേശുവിനെ സ്നേഹക്കുന്നുവെന്നു പറയുന്നതും ജീവിക്കുന്നതും?

ഈ കാലഘട്ടത്തിൽ മാനുഷികമായി സ്നേഹം വ്യാജ പ്രകടനങ്ങളും ശാരീരിക ചൂഷണങ്ങളുമായി മാറിയിരിക്കുകയാണ്. ഇന്ന് സാമൂഹിക വാർത്ത മാധ്യമങ്ങളിൽ നിറഞ്ഞ് നിൽക്കുന്ന വാർത്തയാണ്; സ്നേഹത്തിന്റെ പേരിൽ യുവതീ യുവാക്കളെ വശത്താക്കി സ്നേഹം അഭിനയിച്ച് മതപരിവർത്തനത്തിനും തീവ്രവാദ പ്രവർത്തനത്തിനും അവരെ ഉപയോഗിക്കുന്നു എന്നുള്ളത്.

മുൻകാലങ്ങളിൽ കേട്ട് കേൾവി പോലുമില്ലാത്ത വാർത്തകളാണ് ഇന്നിന്റെ കാലഘട്ടത്തിൽ വിശ്വാസ സമൂഹങ്ങളിലും അരങ്ങേറുന്നത്. പെന്തക്കോസ്ത് യുവതീ-യുവാക്കൾ സ്നേഹത്തിന്റെയും പ്രേമത്തിന്റെയും വ്യാജ മുഖങ്ങളിൽപ്പെട്ട് തങ്ങൾ അറിഞ്ഞ വിശ്വാസത്തെയും മാതാപിതാക്കളെയും സഹോദരങ്ങളെയും ത്യജിച്ച് തങ്ങളുടെ കോളേജുകളിലും മറ്റിടങ്ങളിലും വച്ച് കണ്ട് മുട്ടുന്ന വ്യക്തികളുടെ സ്നേഹത്തിന്റെയും പിന്നാലെ പോയി ചെന്നെത്തുന്നത് ചതിക്കുഴികളിലും അപകപടവഴികളിലും മത തീവ്രവാദ സംഘടനകളിലുമാണ് ചെന്നുപെടുന്നത്. ഇങ്ങനെയുള്ള സംഭവങ്ങൾ വിശ്വാസ സമൂഹത്തിൽ സംഭവിക്കുന്നു എന്നുള്ള വാർത്ത് വളരെയേറെ ആശങ്കജനകമാണ്. സ്നേഹിച്ച് അല്ലെങ്കിൽ സ്നേഹം അഭിനയിച്ച് വിശ്വാസികളായ യുവതീയുവാക്കളെ മതപരിവർത്തനം നടത്തുന്നു. അവരുടെ പ്രവർത്തകർത്ത് ലക്ഷങ്ങൾ പാരിതോഷികമായി നൽകുന്നു. ശേഷം ഈ യുവസഹോദരീ സഹോദരന്മാരെ മറ്റ് രാജ്യങ്ങളിലേക്ക് തീവ്രവാദ പ്രവർത്തനങ്ങൾക്കായി കടത്തുകയും ചെയ്യുന്നുവെന്നുള്ള ഭീതിപ്പെടുത്തുന്ന വാർത്തകളാണ് പരക്കുന്നത്.

ഈ ദുർപ്രവണതകളിൽ നമ്മുടെ യുവതീയുവാക്കൾ അകപ്പെടാതെ കാക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. ഈ അപകടത്തിനെതിരെ നമ്മുടെ സഭകളും, പാസ്റ്റർമാരും, വിശ്വാസി സമൂഹവും, മാതാപിതാക്കളും, പി.വൈ.പി.എ, സൺഡേസ്കൂൾ പ്രവർത്തകരും ഒരുപോലെ ഗൗരവ്വ പൂർവ്വം ചിന്തിക്കേണ്ടതും പ്രവർത്തിക്കേണ്ടതുമാണ്. ഇതിനെതിരെ ലോക്കൽ സഭകളിലും, സെന്ററുകളിലും, നടത്തപ്പെടുന്ന കൺവൻഷനുകളിലും ബോധവത്ക്കരണ സെമിനാറുകൾ സംഘടിപ്പിക്കണം. അങ്ങനെ നമ്മുടെ യുവതീയുവാക്കളെ മതഭീകരന്മാരുടെ ചതിക്കുഴികളിൽ നിന്നും രക്ഷിക്കുവാൻ കഴിയണം, അതിനായി പ്രാർത്ഥിക്കണം. തന്റെ ജീവൻ കാൽവറി ക്രൂശിൽ നമുക്ക് നൽകി നമ്മുടെ പാപത്തിൽ നിന്നും പിശാചിന്റെ പ്രവർത്തിയിൽ നിന്നും രക്ഷിച്ച ആ നല്ല യേശുവിനെ നമുക്ക് സ്നേഹിക്കാം*. Love Jesus.*

**എബ്രഹാം ജോസഫ്**
(സുധി കല്ലുങ്കൽ) ചീഫ് എഡിറ്റർ

# ചെയർമാന്റെ സന്ദേശം






**സം**ഭവബഹുലമായ ഒരു ലോകത്തിലാണ് നാം ഓരോരുത്തരും ജീവിക്കുന്നത്. പ്രതീക്ഷിച്ചതും പ്രതീക്ഷിക്കാത്തതുമായ കാര്യങ്ങൾ ലോകത്തിൽ നടക്കുന്നു. നമ്മുടെ കേരളത്തിൽതന്നെ എന്തപകടങ്ങളാണ് സംഭവിക്കുന്നത്. അതുപോലെ മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട് ജീവിക്കുന്ന അനേകം ചെറുപ്പക്കാർ, മാത്രമല്ല അക്രമങ്ങൾ നടത്തുവാൻ പ്രതിജ്ഞയെടുത്തിരിക്കുന്ന അനേകമാളുകൾ രാഷ്ട്രീയക്കാരുടെയും, വർഗ്ഗീയശക്തികളുടെയും പിടിയിലകപ്പെട്ടവർ, ദുരന്തങ്ങളിലും അക്രമങ്ങളിലും അകപ്പെട്ട അനേകർ, ഭൂമുഖത്തുനിന്ന് പെട്ടെന്ന് മാറ്റപ്പെടുന്നവർ ഇതെല്ലാം കണ്ട് ഉത്കണ്ഠയോടെ സമയം തള്ളിനീക്കുന്ന ആളുകൾ. സമാധാനം ഭജ്ഞിക്കപ്പെടുന്നു, സ്നേഹം ഇല്ലാതെയാകുന്നു, സ്വാർത്ഥത വർദ്ധിക്കുന്നു, വ്യക്തിബന്ധങ്ങൾ, കുടുംബബന്ധങ്ങൾ താറുമാറാകുന്നു.

ശാസ്ത്രജ്ഞന്മാർ പകച്ചുനിൽക്കുന്നു. രാഷ്ട്രീയ നേതാക്കന്മാർ തലപുകഞ്ഞാലോചിക്കുന്നു. എവിടെയും അസ്വസ്ഥത. ശാസ്ത്രജ്ഞന്മാരുടെ സങ്കൽപങ്ങൾക്കോ, ദാർശനികന്മാരുടെ തത്വസംഹിതകൾക്കോ മനുഷ്യന്റെ പ്രശ്നം പരിഹരിക്കാൻ കഴിയുന്നില്ല. പ്രശ്ന പരിഹാരത്തിന് മനുഷ്യൻ പരിചയിച്ചത് തുടരുന്നു. എന്നിട്ടും കൊള്ളയും രക്തച്ചൊരിച്ചിലും മിച്ചം. എങ്ങും നിരാശാജനകമായ അന്തരീക്ഷം. എവിടെ സമാധാനം, എവിടെ സന്തോഷം; ജനം അതിനായി കേഴുന്നു.

ഇവിടെയാണ് ദൈവപൈതലിന്റെ ഉത്തരവാദിത്വം. സന്തോഷമില്ലാത്ത, സമാധാനമില്ലാത്ത വ്യക്തിയുടെ സമീപം സുവിശേഷം എത്തേണ്ടിയിരിക്കുന്നു. ലോകത്തിനോ, അന്ധകാരശക്തിക്കോ നൽകാൻ കഴിയാത്ത ദൈവീക സമാധാനം അനുഭവിക്കുന്ന ദൈവമക്കൾ മറ്റുള്ളവരിലേയ്ക്ക് പകർന്നുകൊടുക്കേണ്ടത് ആവശ്യമായിരിക്കുന്നതിനാൽ ആ വിലപ്പെട്ട ദൗത്യനിർവ്വഹണത്തിൽ ശുഷ്കാന്തിയോടെ മുന്നേറേണ്ടതിനുവേണ്ട ദൈവകൃപ നമുക്ക് നൽകുമാറാകട്ടെ.



**പാസ്റ്റർ എബ്രഹാം ജോർജ്**
*ചെയർമാൻ, സീയോൻകാഹളം*

# സഭാ വളർച്ചയ്ക്ക് തടസ്സമായ കാര്യങ്ങൾ തിരിച്ചറിയണം



പാസ്റ്റർ കെ.സി.തോമസ്

**ചിലരുടെ വായിൽ നിന്നും പുറപ്പെട്ട വാക്കുകൾ സോഷ്യൽ മീഡിയകളിൽ വൈറൽ ആയിരിക്കുന്നത് ദൈവ സഭയ്ക്ക് ചെയ്യുന്ന അപമാനവും ദോഷവും ചെറുതല്ല. ഒരു വാക്കോ പ്രവർത്തിയോ മതി സാക്ഷ്യം നഷ്ടപ്പെടുത്താൻ.**

എന്തുകൊണ്ട് സഭകൾ വളരുന്നില്ല? സഭാ സ്ഥാപനവും സഭാവളർച്ചയും ഇന്നും ഏറ്റവും അനിവാര്യമാണ്. എന്നാൽ ഇന്ന് പുതിയ സഭകൾ വേണ്ട വിധത്തിൽ സ്ഥാപിക്കപ്പെടുന്നില്ല. നിലവിലുള്ള സഭകൾ വളരുന്നില്ല. അതിന് പല കാരണങ്ങൾ ഉണ്ട്. ഏറ്റവും പ്രധാനകാരണങ്ങളിൽ ഒന്നാണ് സഭയുടെയും സഭാ ജനങ്ങളുടെയും സാക്ഷ്യം നഷ്ടപ്പെടുന്നുവെന്നത്. ആത്മീയച്യുതി സഭകളിൽ സംഭവിച്ചു. ചില കർത്തൃദാസന്മാരുടെയും ചില വിശ്വാസികളുടെയും ചില സഭാ കൂടി വരവുകളുടെയും സാക്ഷ്യം സമൂഹത്തിൽ നഷ്ടപ്പെട്ടുപോയി. പാട്ടും കയ്യടിയും ശബ്ദം ഉയർത്തിയുള്ള ആരാധനയും കഴിഞ്ഞാലുടൻ സഭകളിൽ നിന്നും ഉയരുന്ന വഴക്കിന്റെയും വെല്ലുവിളികളുടെയും അസഭ്യത്തിന്റെ യും വാക്കുകൾ ചുറ്റുപാടും താമസിക്കുന്നവർ കേട്ടുകൊണ്ടിരിക്കുന്നു. സഭാ വിശ്വാസികൾ തമ്മിലുള്ള ഉന്തും തള്ളും നാട്ടുകാർ കയറി വന്ന് പിടിച്ചു മാറ്റേണ്ട സാഹചര്യം ഒരു സഭയിൽ ഉണ്ടായാൽ പുതുതായി ആരെങ്കിലും ആ സഭയിൽ ആരാധിക്കാൻ പിന്നെ ചെല്ലുമോ ? ദൈവ നാമം ദുഷിക്കപ്പെടുകയല്ലേ ചെയ്യുന്നത്. സഭയിൽ ഉള്ള പരമാർത്ഥികളായ വിശ്വാസികൾ സ്വാതന്ത്ര്യമായി ആരാധിക്കാൻ പറ്റുന്ന സഭയുണ്ടോയെന്ന് അന്വേഷിച്ചുപോയാൽ അവരെ കുറ്റപ്പെടുത്തേണ്ട കാര്യം ഇല്ല. സഭയിലെ വഴക്കുകൊണ്ട് സംഭവിക്കുന്ന ഏറ്റവും വലിയ ദോഷം തലമുറകൾ ദൈവത്തിൽ നിന്നും അകന്നുപോകുന്നുയെന്നതാണ്. ചിലർ ന്യൂജനറേഷൻ സഭകളിലേക്ക് പോകുന്നു. നാം അടിയന്തരമായി ചിന്തിക്കേണ്ട കാര്യമാണ്. നമുക്ക് ഒരു രൂപാന്തരം വരേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. പെന്തക്കോസ്തുകാർ പുതിയ നിയമസഭയുടെ ഉപദേശം ശരിയായി അറിയാവുന്നവരും അത് പഠിപ്പിക്കുകയും പ്രസംഗിക്കുകയും ഉപദേശിക്കയും ചെയ്യുന്നവരാണ്. ഉപദേശം നല്ലതാണ് ജീവിതം ഇല്ല. യേശുക്രിസ്തുവിന്റെ ഉപദേശങ്ങളെ ആദരിക്കുന്നവരും അംഗീകരിക്കുന്നവരുമായ അനേക ഉന്നതന്മാർ ഭൂമിയിൽ ജീവിച്ചിരുന്നിട്ടുണ്ട്. ഇപ്പോൾ ജീവിക്കുന്നുമുണ്ട്. അവർ പറയുന്നത് ഇന്ത്യയിലെ ക്രിസ്ത്യാനികളെ, ഞങ്ങൾക്കായി ക്രിസ്തുവിനെയും ഉപദേശങ്ങളെയും നിങ്ങളുടെ ജീവിതത്തിൽ കൂടെ കാണിച്ചു തരിക ഞങ്ങൾ അംഗീകരിക്കാമെന്നാണ്. രണ്ടായിരം വർഷമായി സുവിശേഷവും യേശുക്രിസ്തുവിന്റെ ഉപദേശങ്ങളും നമ്മുടെ നാട്ടിൽ എത്തിയിട്ട് എന്ന് നാം അഭിമാനത്തോടെ പറയാറുണ്ട്. എങ്കിലും എന്തുകൊണ്ട് ഇന്ത്യ യേശുക്രിസ്തുവിനെ അറിയുന്നില്ല. നൂറ്റിഇരുപത്തിയഞ്ച് കോടിയിലധികം ആളുകൾ പാർക്കുന്ന ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യ യേശുക്രിസ്തുവിങ്കലേക്ക് തിരിയണമെങ്കിൽ ഓരോ ക്രിസ്ത്യാനിയും, ഓരോ ദൈവമക്കളും ഓരോ കർത്തൃദാസന്മാരും, ഓരോ സഭകളും മാതൃകാപരമായ ജീവിതം നയിച്ചെങ്കിലേ കഴിയുകയുള്ളൂ. സാക്ഷ്യമില്ലാത്തവർ പ്രസംഗിച്ചാൽ ആര് കേൾക്കും? ആര് അംഗീകരിക്കും? സാക്ഷ്യമില്ലാത്ത സഭയിലെ ആരാധനയുടെ പേരിലുള്ള ശബ്ദകോലാഹലങ്ങൾ കേട്ട് ദേശക്കാർ പരിഹസിച്ച് ചിരിക്കുകയല്ലേ? അതു കഴിഞ്ഞാലുള്ള ശബ്ദകോലാഹലങ്ങളും വാഗ്വാദങ്ങളും അവർ തുടരെ കേൾക്കുന്നവരാണ്. നമുക്ക് ലജ്ജയില്ലേ? ഒരിക്കൽ ഒരു സഭയുടെ കുട്ടികൾ സഭായോഗം നടത്തികളിച്ചു. വലിയ ശബ്ദകോലാഹങ്ങളോട് അവർ പാടുകയും ഉച്ചത്തിൽ കൈ അടിക്കയും ഹല്ലേലുയ്യാ പറയുകയും ചെയ്തിട്ട് ഒരാൾ പ്രാർത്ഥിച്ച് ആശീർവാദം പറഞ്ഞശേഷം വലിയ ഉന്തും തള്ളും വഴക്കും ബഹളവും ഉണ്ടാക്കി കാണിച്ചു. എല്ലാ ആഴ്ചയിലും സഭയിൽ അവർ കാണുന്നത് അഭിനയിച്ചതാണ്. ഇങ്ങനെയുള്ള തലമുറ ദൈവ സന്നിധിയിൽ എത്തുമോ? തലമുറകളെ ഓർത്ത് ഭാരപ്പെടുന്ന മാതാപിതാക്കൾ ഈ കാലത്ത് വളരെ ഉണ്ട്. പ്രിയ സഹോദരീ സഹോദരന്മാരെ, നമ്മുടെ തലമുറകൾ നാം സേവിക്കുന്ന ദൈവത്തെ സേവിക്കയും നാം വിശ്വസിക്കുന്ന വിശ്വാസ പ്രമാണത്തിനുവേണ്ടി നിൽക്കയും ചെയ്യേണമെങ്കിൽ, ചെയ്യേണ്ട ഏറ്റവും വലിയ കാര്യം അവരുടെ മുമ്പിൽ മാതൃകയായി ജീവിച്ച് കാണിക്കുകയെന്നതാണ്. സഭാ വളർച്ചയ്ക്ക് ഏറ്റവും തടസ്സമായി നിൽക്കുന്നത് സാക്ഷ്യമില്ലാത്ത കർത്തൃദാസന്മാരും, സഭാ ജനങ്ങളും, സഭകളുമാണ് എന്ന യാഥാർത്ഥ്യം തിരിച്ചറിയണം. ചിലരുടെ വായിൽ നിന്നും പുറപ്പെട്ട വാക്കുകൾ സോഷ്യൽ മീഡിയാകളിൽ വൈറൽ ആയിരിക്കുന്നത് ദൈവ സഭയ്ക്ക് ചെയ്യുന്ന അപമാനവും ദോഷവും ചെറുതല്ല. ഒരു വാക്കോ പ്രവർത്തിയോ മതി സാക്ഷ്യം നഷ്ടപ്പെടുത്താൻ. സാക്ഷ്യം നഷ്ടപ്പെട്ടവൻ എത്ര വളരെ കൃപാവരമുള്ളവനോ പ്രസംഗകനോ ആയിരുന്നാലും സമൂഹം അംഗീകരിക്കയില്ല. അടിമുടി ഒരു മാനസാന്തരവും സ്വയപരിശോധനയും പെന്തെക്കോസ്ത് ദൈവജനത്തിനാവശ്യമാണ്.

## സ്റ്റേറ്റ് സെക്രട്ടറിയുടെ കത്ത്

# പ്രമാണങ്ങളിൽ ഉറച്ചു നില്ക്കുക



പാസ്റ്റർ ഷിബു നെടുവേലിൽ

ആധുനിക സാങ്കേതിക വിദ്യകൾ വളർന്നു വലുതായിരിക്കുന്നു. ലോകം ചെറിയ കൈക്കുമ്പിളിൽ ഒതുങ്ങിയിരിക്കുന്നു. മാധ്യമ സംസ്കാരം ഏതു രംഗത്തുള്ള വരെയും വിഴുങ്ങികഴിഞ്ഞു. ഈ വളർച്ച മനുഷ്യർ അത്ഭുതത്തോടെയാണ് നോക്കി കാണുന്നത്. ഇവയെല്ലാം ശരിയായ രീതിയിൽ പ്രവർത്തിപ്പിക്കുവാൻ നമുക്ക് കഴിയണം.

പൊടുന്നനെ ലോകത്തിനുണ്ടായിരിക്കുന്ന ഈ മാറ്റം ദൈവസഭയെയോ സുവിശേഷ പ്രവർത്തനങ്ങളെയോ നെഗറ്റീവായി സ്വാധീനിക്കരുത്. സഭയുടെ പ്രമാണങ്ങൾക്കോ ശൈലിക്കോ ഇവയൊന്നും ഭീഷണിയായി തീരതുത്. സഭ ദൈവത്തിന്റേതാണ്. സഭയെ തകർക്കുവാൻ ലോക ശക്തികൾക്കു കഴിയുകയില്ല. ദൈവം സഭയെ പണിതു കൊണ്ടിരിക്കുകയാണ്. എന്നാൽ ആധുനിക തലമുറകൾ സോഷ്യൽ നെറ്റ്വർക്കുകളുടെ ബലിയാടുകളാകുന്നു എന്നത് നിരാശയോടെയാണ് ഇവിടെ കുറിക്കുന്നത്.

സങ്കേതികവിദ്യയുടെ പുരോഗമനത്തെ ആക്ഷേപിക്കുകയല്ല. അതു വളരെ നല്ലതാണ്. പക്ഷെ ദുരുപയോഗപ്പെടുത്തരുത് എന്നുമാത്രം. ദൈവസാന്നിദ്ധ്യം നഷ്ടപ്പെടരുത്, ദൈവകൃപയിൽ നിന്നും അന്യപ്പെടരുത്. ദൈവ വഴികൾ വിട്ടു പോകരുത്. ആദിമ കൂടിവരവുകളിൽ ലാപ്ടോപ്പ്, ടാബ്, മൊബൈൽ ഫോണുകൾ ഇവ. കർശനമായി ഒഴിവാക്കണം. ഓരോരുത്തരും സ്വയം മനസ്സിലാക്കി ഈ തീരുമാനം എടുത്താൽ ഒരു നോട്ടീസ് ബോർഡ് ഒഴിവാക്കാം. ഇത്തരം പ്രധാനപ്പെട്ട കാര്യങ്ങൾ ഓരോ പ്രാദേശിക സഭകളിലും പ്രാബല്യത്തിൽ കൊണ്ടു വരുവാൻ ശുശ്രൂഷകന്മാർ ഉത്സാഹിക്കണം.

സഭ കെട്ടിയടയ്ക്കപ്പെട്ട തോട്ടമാണ്. ചെറുക്കുറുക്കന്മാർ ഇതിന്റെ വേലി പൊളിക്കരുത് ദൈവസഭയ്ക്കു വേണ്ടി എല്ലാവരും പ്രാർത്ഥിക്കണം. ദൈവവചനത്തിലധിഷ്ഠിതമായ ജീവിതമാണ് എല്ലാ ദൈവജനവും നയിക്കേണ്ടത്. അങ്ങനെയെങ്കിൽ ആരും വചനവിശുദ്ധ വിരുദ്ധ കാര്യങ്ങളിൽ ഇടപെടേണ്ടിവരികയില്ല. സഭാഗോത്രത്തെ മലിനമാക്കുന്ന ഒരു വിഷയത്തിലും ആരും ഏർപ്പെടരുത്. സഭ ദൈവത്തിന്റേതാണെന്ന കാഴ്ചപ്പാട് ഭയത്തോടും ഗൗരവത്തോടും മനസ്സിലാക്കണം. ദൈവസഭയുടെ ഘടനയെയും ഐക്യത്തെയും നശിപ്പിക്കുന്ന സോഷ്യൽ മീഡിയാ വാർത്തകളെ അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളയണം. നീതി ബോധവും സത്യസന്ധതയും കൈമുതലാക്കിയവർ വ്യാജ പ്രചരണങ്ങളെ താലോലിക്കരുത്.

നാം എന്തു ചെയ്താലും അതു ദൈവനാമ മഹത്വത്തിനും ദൈവരാജ്യ കെട്ടു പണിയ്ക്കും ഉതകുന്നതായിരിക്കണം. പൗലോസ് പറയുന്നത്. നാം എന്തു ചെയ്താലും, തിന്നാലും കുടിച്ചാലും ദൈവ മഹത്വത്തിനു കാരണമാകണമെന്നാണ്.

ദൈവവചനത്തിൽ മായം ചേർക്കുകയോ കൂട്ടിച്ചേർക്കുകയോ പാടില്ല. പോപ്പുലാരിറ്റിക്കു വേണ്ടി ജന ശ്രദ്ധാകർഷിക്കുവാൻ വേദപുസ്തകത്തിനു നിരക്കാത്തത് വേദികളിൽ വിളമ്പരുത്. കർത്താവിൽ നിന്ന് പ്രാപിച്ചതു മാത്രമെ സംസാരിക്കാൻ പാടുള്ളൂ. "സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചു കൊണ്ട് ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിനു കൊള്ളാകുന്നവനായി നില്ക്കുവാൻ ദൈവത്തിനു കൊള്ളാകുന്നവനായി നില്ക്കുവാൻ ശ്രദ്ധിക്കുക" (1തിമൊ.2:15). ശ്രോതാക്കളുടെ കരഘോഷങ്ങളെക്കാൾ ദൈവത്തിന്റെ നാമം ഉയരുന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. കർത്താവ് നമ്മെ ഏല്പിക്കാത്ത ഒരു ശുശ്രൂഷയും ചെയ്യരുത്. ജനപ്രിയന്മാരാകുവാൻ നാം ആരെയും അനുകരിക്കേണ്ട ആവശ്യമില്ല. ദൈവം നമ്മെ മാനിക്കുമെന്ന് ഉറപ്പുണ്ടെങ്കിൽ ഒരു കുറുക്കു വഴികളും തേടേണ്ടതില്ല. ദൈവം അബ്രഹാമിന് കൊടുത്ത വാഗ്ദത്തങ്ങളിൽ "നിന്നെ അനുഗ്രഹിച്ച് നിന്റെ പേർ വലുതാക്കും" എന്നുമുണ്ട്. ദൈവം തന്റെ സമയത്ത് അത് ചെയ്യട്ടെ.

കർത്താവ് നമ്മെ ആക്കി വച്ചിരിക്കുന്ന സ്ഥലങ്ങളിൽ ജാഗ്രതയോടെയും ആത്മാർത്ഥതയോടെയും വേല ചെയ്യണം. ഉദാസീനതയോടെ ചെയ്യരുത് അങ്ങനെയുള്ളവർ ശപിക്കപ്പെട്ടവർ എന്നാണ് തിരുവചനം പറയുന്നത്. വിശ്വാസത്തിന്റെ പ്രവർത്തി ചെയ്യുക. പരസ്യ ജീവിതത്തിലും രഹസ്യ ജീവിതത്തിലും വിശ്വസ്തത പുലർത്തണം. കർത്താവിന്റെ മഹത്വമുള്ള ശുശ്രൂഷയ്ക്ക് അപമാനം വരുത്തുന്ന ഇതര പ്രവർത്തനങ്ങളിൽ ആരും ഇടപെടരുത്. സാമ്പത്തിക പരാധീനങ്ങളോ ഞെരുക്കങ്ങളോ നേരിട്ടാലും കുലുങ്ങരുത് വിശ്വാസത്യാഗത്തിന്റെ കണികപോലും ഉള്ളിൽ പ്രവേശിക്കരുത്. സമ്പൂർണ്ണ സമർപ്പണത്തോടെ വേല ചെയ്യുകയും പ്രാർത്ഥിക്കുകയും ചെയ്യു. പരിഹരിക്കുവാൻ ദൈവകരം നീട്ടും.

പരിശുദ്ധാത്മ പ്രവർത്തനത്തിന് വിധേയപ്പെടണം. നമ്മെ ഉപയോഗിപ്പാൻ പരിശുദ്ധാത്മാവിനു കഴിയും. ഇതിന് ജന്മസിദ്ധമായ കഴിവോ വിദ്യാഭ്യാസ യോഗ്യതയോ പ്രസക്തമല്ല. ദൈവം കല്പിക്കുന്നത് പിറുപിറുപ്പു കൂടാതെ അനുസരിക്കുവാൻ തയ്യാറാകുക. യോഹന്നാൻ സ്നാപകന്റെ മനോഭാവം നമ്മിൽ ഉളവാകട്ടെ. "ഞാനോ കുറയേണം, അവനോ വളരേണം"

# ഇനി ആത്മനിറവിന്റെ ദിനങ്ങൾ



ജോയി താനുവേലിൽ

ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭയുടെ സംസ്ഥാന കൺവൻഷന് ആത്മാവിനെ തൊട്ടുണർത്തുന്ന ആദ്ധ്യാത്മിക പ്രബോധനങ്ങളുമായി ധന്യതയാർന്ന തുടക്കം. അക്ഷരങ്ങളുടെ നഗരമായ കോട്ടയത്ത് ആയിരങ്ങൾക്ക് വചനത്തിന്റെ വിരുന്നുനൽകുന്ന ഉണർവ്വിന്റെ ദിനങ്ങൾ.

ഉപദേശവിശുദ്ധിയും ജീവിതനിർമ്മലതയും കൈവരിക്കാനാകുന്ന ആത്മിക സന്ദേശങ്ങൾക്ക് കാതോർത്ത് വിശ്വാസീ സമൂഹം കോട്ടയം നെഹ്റു സ്റ്റേഡിയത്തിലേക്ക് ഒഴുകിയെത്തുകയാണ്. നിരവധി ആത്മികസംഗമങ്ങൾക്ക് സാക്ഷ്യംവഹിച്ച ഇവിടെ ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭയുടെ സംസ്ഥാന കൺവൻഷൻ ഇദംപ്രഥമമാണെന്ന പ്രത്യേകതയുമുണ്ട്.

ഐ.പി.സി.യുടെ ചരിത്രത്തിലെ ഒരു പ്രധാന സമ്മേളനമായിരിക്കുമിതെന്ന് സംഘാടകരും അഭ്യുദയകാംഷികളും ഒരേപോലെ പ്രതീക്ഷിക്കുന്നു. വിപുലമായ ക്രമീകരണങ്ങളാണ് വിശ്വാസികളെ സ്വീകരിക്കാൻ ഒരുക്കിയിരിക്കുന്നത്.

കേരള പെന്തെക്കോസ്ത് ചരിത്രത്തിലെ അവിസ്മരണീയരായ മഹാരഥന്മാരുടെ പ്രവർത്തന തട്ടകം എന്ന നിലയിൽ കോട്ടയം ശ്രദ്ധേയമാണ്. ആത്മിക ചിന്തകളെ ആവേശപൂർവ്വം സ്വീകരിക്കുന്ന സുമനസ്സുകളുടെ നാട്. കേരള പെന്തെക്കോസ്ത് ചരിത്രത്തോടൊപ്പം മുന്നണിയിൽ തന്നെയുണ്ടായിരുന്നു ഇവിടുത്തെ ആത്മികനേതാക്കളും അൽമായപ്രമുഖരും. ക്രൈസ്തവരും ക്രൈസ്തവേതരരും ഒക്കെ ഈ അദ്ധ്യാത്മിക കൂട്ടായ്മയ്ക്ക് ഒന്നിക്കുന്ന കാഴ്ചയാണ് കാണുന്നത്.

പെന്തെക്കോസ്തിന്റെ പ്രാമാണിക വിശുദ്ധിക്ക് നഷ്ടം സംഭവിക്കാത്ത തരത്തിലാണ് ഇന്ത്യാ പെന്തെക്കാസ്ത് ദൈവസഭയുടെ പ്രവർത്തനങ്ങളെല്ലാം. അത് ആയിരങ്ങൾ സമ്മേളിക്കുന്ന ഈ സംസ്ഥാന സമ്മേളനത്തിലും പാലിക്കപ്പെടും എന്നുതന്നെയാണ് നേതാക്കന്മാരുടെ നിലപാട്. ആധുനിക മാറ്റങ്ങളെയെല്ലാം ഉൾക്കൊള്ളാൻ

**കേരള പെന്തെക്കോസ്ത് ചരിത്രത്തിലെ അവിസ്മരണീയരായ മഹാരഥന്മാരുടെ പ്രവർത്തന തട്ടകം എന്ന നിലയിൽ കോട്ടയം ശ്രദ്ധേയമാണ്. ആത്മിക ചിന്തകളെ ആവേശപൂർവ്വം സ്വീകരിക്കുന്ന സുമനസ്സുകളുടെ നാട്. കേരള പെന്തെക്കോസ്ത് ചരിത്രത്തോടൊപ്പം മുന്നണിയിൽ തന്നെയുണ്ടായിരുന്നു ഇവിടുത്തെ ആത്മികനേതാക്കളും അൽമായപ്രമുഖരും. ക്രൈസ്തവരും ക്രൈസ്തവേതരരും ഒക്കെ ഈ അദ്ധ്യാത്മിക കൂട്ടായ്മയ്ക്ക് ഒന്നിക്കുന്ന കാഴ്ചയാണ് കാണുന്നത്.**

ഇന്ത്യാ പെന്തെക്കോസ്തിന് സാധിക്കും എന്ന് തെളിയിക്കുന്ന സംഘാടനമികവാണ് ആദ്യംമുതലേ കാണുന്നത്.

മികച്ച സൗകര്യങ്ങൾ, ആത്മികതയ്ക്ക് ഊന്നൽ നൽകുന്ന പ്രഭാഷണങ്ങൾ, ഭാരതത്തിന്റെ ഉണർവ്വിനുവേണ്ടിയുള്ള ശക്തമായ പ്രാർത്ഥന, കാലഘട്ടത്തിനനുസൃതമായ ശുശ്രൂഷകരെ വാർത്തെടുക്കുന്നതിന് ഉപകരിക്കുന്ന പഠനങ്ങൾ, പ്രാദേശിക സഭകളുടെ പരിപോഷണത്തിനുതകുന്ന കാഴ്ചപ്പാടുകൾ എല്ലാംകൊണ്ട് സംസ്ഥാന കൺവൻഷൻ ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയെ പുതിയ ആത്മിക അനുഭവത്തിലേക്ക് നയിക്കും എന്നുതന്നെയാണ് ഏവരും പ്രതീക്ഷിക്കുന്നത്. സാമ്പ്രദായിക രീതികൾക്കപ്പുറത്ത് ആത്മനിയോഗത്തിലേക്ക് ആയിരങ്ങൾ നയിക്കപ്പെടുന്ന ദിനങ്ങളായിരിക്കും ഈ മഹായോഗങ്ങളിൽ പ്രതീക്ഷിക്കുന്നത്.

സംസ്ഥാന കൺവൻഷനുവേണ്ടി നേതാക്കളും അണികളും കൈകോർത്തുനിന്ന് പ്രവർത്തിക്കുന്നതിന്റെ വിജയം തൊട്ടടുത്ത ദിവസങ്ങളിൽ ആത്മാക്കളായി തിരിച്ചുവരും എന്ന് പ്രതീക്ഷിക്കുന്നു. പോരായ്മകളെയും വീഴ്ചകളെയും ക്രീയാത്മകമായി വിമർശന വിധേയമാക്കുന്നതോടൊപ്പം കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ച് മുമ്പോട്ടുപോകാനുള്ള കരുത്തുകൂടെ പകർന്നു കൊടുത്താൽ ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ ഭാരതത്തിൽ വലിയ മുന്നേറ്റം നടത്തും എന്നു ഏവരും പ്രതീക്ഷിക്കുന്നു.




# ചതിക്കുഴി



**പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ**

സോഷ്യൽ മീഡിയായുടെ അതിപ്രസരം എല്ലാ പ്രായക്കാരെയും ഒരുപോലെ സ്വാധീനിച്ചിരിക്കുന്ന ഒരു കാലഘട്ടമാണിത്. കൺമുമ്പിൽ കാണുന്നവരെ സ്നേഹിക്കാതെ വിദൂരതയിൽ ഉള്ള ഇതുവരെ കണ്ടിട്ടില്ലാത്തവരെ ഫ്രണ്ട്സ് എന്നും മ്യൂച്ചൽ ഫ്രണ്ട്സെന്നും വിളിക്കുന്ന കാലം, സ്വന്തം ഭാര്യയോടും മക്കളോടുപോലും സമയം ചിലവിടാതെ മൊബൈൽ ലോകത്തിലെ കളിപ്പാവകളായി തീർന്നിരിക്കുന്ന മനുഷ്യൻ. ടെലിവിഷൻ കാണുന്നതുപോലും പാപമാണെന്ന് സങ്കൽപ്പിച്ച് അതിനെതിരെ പ്രസംഗിച്ചിരുന്നവർ വൈഫൈ ഇല്ലാതെ ജീവിക്കാൻ കഴിയാത്തവരായി മാറിയിരിക്കുന്നു. മാറ്റം അനിവാര്യമാണ് പക്ഷെ പ്രകാശത്തിൽ നിന്നും ഇരുട്ടിലേക്കുള്ള മാറ്റം അല്ലെങ്കിൽ ദൈവത്തിൽ നിന്നും ലോകത്തിലേക്കുള്ള മാറ്റം അത് തികച്ചും ആത്മീക മൂല്യച്യുതിയാണ്. പ്രഭാതത്തിൽ കണ്ണ് തുറക്കുമ്പോൾ ദൈവ മുഖത്തേയ്ക്കു നോക്കിയിരുന്ന മനുഷ്യൻ ഇന്ന് ഫെയ്സ്ബുക്കിലേക്കും വാട്ട്സാപ്പിലേക്കുമാണ് നോക്കുന്നത്. ഇത് ഉപയോഗിക്കുന്ന ഏവർക്കും അവരവരുടെ ഒഴികഴിവുകൾ പറയാൻ ഉണ്ട്. എല്ലാ മീഡിയാകളിലും പൈശാചികമായ സ്വാധീനങ്ങൾ ഉണ്ട്. ഫെയ്സ്ബുക്ക്, വാട്ട്സാപ്പ്, അതുപോലെ ഓൺലൈൻ ഗയിമുകൾ, യൂട്യൂബ്, ഇത്യാതി എല്ലാ മീഡിയാകളിലും മനുഷ്യനെ പാപത്തിൽകൊണ്ട് വന്ന് കെട്ടുവാനുള്ള ഒരു പൈശാചികമായ ശക്തിയുണ്ട്. മനുഷ്യനെ പ്രവർത്തന രഹിതനാക്കാൻ ഇവയ്ക്ക് കഴിയും. ഫെയ്സ്ബുക്ക്, വാട്ട്സാപ്പ് തുടങ്ങിയ സോഷ്യൽ മീഡിയാകൾ ആയിരക്കണക്കിന് കുടുംബങ്ങളെ തകർത്തിട്ടുണ്ട്. പലരും ഇതിലൂടെ ചതിക്കപ്പെട്ടിട്ടുണ്ട്.

കുറച്ച് നാവുകളായി വാർത്താ മാധ്യമങ്ങളിൽ നിറഞ്ഞ് നിൽക്കുന്ന വാർത്തയാണ് ബ്ലൂവെയിൽ ഗെയിം എന്ന വിഷയം. ഏറെ ചതിക്കുഴികൾ ഉള്ള സൈബർ ലോകത്തിലെ ഇന്നത്തെ പേടിസ്വപ്നമാണ് ബ്ലൂവെയിൽ. ലോകത്തിലാകമാനം ഈ ഗെയിമിനാൽ കൊല്ലപ്പെട്ടത് ഇരുന്നൂറിലേറെ പേർ. അമ്പതോളം രാജ്യങ്ങൾ ഈ ഗെയിം പൂർണ്ണമായി നിരോധിച്ചു. ഇന്ത്യയിൽ പതിനായിരക്കണക്കിന് പേർ ഇത് കളിക്കുന്നുണ്ടായിരുന്നു. നമ്മുടെ ഈ കൊച്ചു കേരളത്തിൽപോലും രണ്ടായിരത്തോളം പേർ ഇതിന് അടിമകളാണെന്നാണ് പോലീസ് റിപ്പോർട്ട്. 2014ൽ റഷ്യയിൽ ആണ് ഈ ഗെയിം ആദ്യമായി പ്രത്യക്ഷപ്പെട്ടത്. ഫിലിപ്പ് ബുഡീക്കെയിൻ എന്ന വ്യക്തിയാണ് ഈ ഗെയിം കണ്ടുപിടിച്ചത്. 21 വയസ്സുള്ള ബുഡീക്കെയിൻ മനഃശാസ്ത്രപഠനത്തിനിടയിൽ പുറത്താക്കപ്പെട്ടവനാണ്. സമൂഹത്തിലെ കൊള്ളരുതാത്തവരെ തുടച്ച് നീക്കാനാണ് താൻ ഇത്തരമൊരു ഗെയിം ഉണ്ടാക്കിയത് എന്നാണ് തന്റെ വാദം. 2014-15 വർഷങ്ങളിൽ നൂറ്റി അൻപതോളം കൗമാരക്കാരാണ് ഈ ഗെയിമിനാൽ ആത്മഹത്യ ചെയ്തത്. അതുകൊണ്ട് ബുഡീക്കെയിൻ റഷ്യൻ അധികൃതരുടെ കസ്റ്റഡിയിൽ ആണ്. ഈ ഗെയിമിന് വിവിധ പേരുകൽ ഉണ്ട്. ദ സൈലന്റ് ഹൗസ് , ദ വെയിൽസ് ഇൻ സീ എന്നിവയാണ് ഇതിന്റെ മറ്റു പേരുകൾ. 50 ദൗത്യങ്ങൾ ഉള്ള അപകടകരമായ ഒരു ഗെയിമാണിത്. സ്വയമായി കൈമുറിക്കുക, തീയിൽ കൈ വക്കുക, കുപ്പിച്ചില്ലുകൾ കൊണ്ട് കൈയ്യിൽ ബ്ലൂവെയിലിന്റെ പടം വരക്കുക അങ്ങനെ ഗെയിം മാസ്റ്റർ പറയുന്ന ദൗത്യം എത്ര കഠിനമോ ക്രൂരമോ ആയ എന്തും ചെയ്യുക എന്നതാണ് ഈ ഗെയിമിന്റെ പ്രത്യേകത. ഏകദേശം 15-ാമത്തെ ലെവലിലെത്തുമ്പോഴേക്കും പൂർണ്ണമായും ഗെയിം മാസ്റ്ററിന്റെ അടിമയായി തീരും. കളിക്കുന്ന ആളിന്റെ സകല രഹസ്യങ്ങളും ഹാക്ക് ചെയ്യപ്പെടും അങ്ങനെ 50-ാം ലെവൽ ആകുമ്പോഴേക്കും ജീവിതം ഗെയിം മാസ്റ്ററിന് വേണ്ടി ഹോമിക്കും. ഇതിനിടയിൽ രക്ഷപ്പെടാൻ ശ്രമിച്ചാൽ ഹാക്ക് ചെയ്യപ്പെട്ട ഈ വിവരങ്ങൾ വച്ച് ഭീഷണിപ്പെടുത്തും പൂർണ്ണമായും ഗെയിമിൽ തുടരാൻ നിർബന്ധിതനാക്കും എന്തായാലും ഒടുവിൽ ആത്മഹത്യ തന്നെ അവസാനം.

വൈമാനികനാകാൻ ശ്രമിച്ച മൻപ്രീത് എന്ന 14 കാരൻ മുംബെയിലെ സ്വന്തം ഫ്ളാറ്റിന്റെ മുകളിൽ നിന്ന് ചാടി മരിച്ചത് ഈ ഗെയിം മൂലമാണ്.

എന്തുകൊണ്ടാണ് കുട്ടികളും കൗമാരക്കാരും മാത്രം ഇത്തരത്തിലുള്ള ഗെയിമുകളിൽ ആകൃഷ്ടരാകുന്നത് എന്നത് ഒരു ചോദ്യമാണ്. എന്നാൽ ഇതിന് വ്യക്തമായ കാരണങ്ങൾ ഉണ്ട്.

(1) നിരോധിക്കപ്പെട്ട എന്തോ അത് ഉപയോഗിക്കുക എന്നത് അവരുടെ ആകാംഷയാണ്.

(2) വീട്ടിൽ നിന്നോ ചുറ്റുപാടുകളിൽ നിന്നോ ഉള്ള അവഗണനയെ അതി ജീവിക്കുവാൻ സമൂഹത്തിൽ സാഹസികമായ എന്തെങ്കിലും ചെയ്യണമെന്നുള്ള തീരുമാനം.

(3) സാഹസികതയോടുള്ള പ്രണയം. ഇത് സാഹസികമായ ഒരു ഗെയിം ആണെന്ന് പ്രചരിക്കുമ്പോൾ അത് ചെയ്യാൻ ഉള്ള താല്പര്യം.

മറ്റൊരു മറച്ച് വക്കാൻ സാധിക്കാത്ത ഒരു മർമ്മം ഇത്തരത്തിലുള്ള ഗെയിമിന്റെ പിന്നിൽ ഉണ്ട്, ഗെയിമിന്റെ ഭാഗമാകുന്ന കൗമാരക്കാർ സ്വന്തം ശരീരം മുറിക്കയും സ്വന്തം കുടുംബത്തിലെ അംഗങ്ങളെ കൊല്ലുകയും ചെയ്യാൻ അറപ്പില്ലാത്തവർ ആയി തീരുമ്പോൾ എന്തിനേറെ പറയേണം സ്വന്തം ജീവൻ തന്നെ

**ശേഷം പേജ് 14ൽ**



പാസ്റ്റർ ഫിലിപ്പ് പി.തോമസ്


# വെറും കാഴ്ചക്കാരോ..?

**മരണം ലാഭമാകുന്നത് ചിലർക്കു മാത്രമാണ്. ജീവിതത്തിന്റെ ലാഭനഷ്ടത്തിന്റെ കണക്കു മനസ്സിലാകുന്നതു മരണത്തോടയാണ്. ലഭിച്ച ആയുസ്സിൽ നിത്യതയിൽ നിലനിൽക്കുന്ന പ്രവർത്തനങ്ങൾ ചെയ്തവർക്കാണ് മരണം ലാഭം. ആയുസ്സു മുഴുവൻ കാഴ്ചക്കാരായി, അലസരായി നടന്നവർക്ക് എന്തു നേട്ടം?**

**ലോ**കത്തുള്ള ജനങ്ങളെ പല നിലയിൽ വിഭജിക്കാം. ജാതി, ഭാഷ, നിറം മുതലായ പല മാനദണ്ഡങ്ങളിൽ വിഭജിക്കാം. എന്നാൽ എന്തെങ്കിലും ജീവിതം കൊണ്ട് ചെയ്തെടുക്കുന്നതിനോടുള്ള ബന്ധത്തിൽ ഇങ്ങനെ പറയാം... സംഭവങ്ങൾ സംഭവിപ്പിക്കുന്നവർ, സംഭവങ്ങൾ പഠിച്ച് പ്രതികരിക്കുന്നവർ, വെറും കാഴ്ചക്കാർ: സംഭവങ്ങൾ സംഭവിപ്പിക്കുന്നവരാണ് ചരിത്രം സൃഷ്ടിക്കുന്നത്. അവർ ചെയ്ത കാര്യങ്ങളാണ് ചരിത്ര പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അവരെ ഒഴിവാക്കിയാൽ ചരിത്രമില്ല ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ നിന്നും ഗാന്ധിജി, നെഹ്റു, വല്ലഭായി പട്ടേൽ, സുബാഷ് ചന്ദ്രബോസ്. തുടങ്ങിയവരെ ഒഴിവാക്കിയാൽ പിന്നെ എന്തു ചരിത്രം. എന്തിനും നേതൃത്വം കൊടുക്കുവാൻ ഒരാൾ വേണം. ചരിത്രം പഠിച്ച് ആവേശം കൊള്ളുന്നവാണ് പിന്നീട് ചരിത്രത്തിന്റെ ഭാഗമാകുന്നത്. "എന്നാൽ ചരിത്രത്തിൽ നിന്നും ഒന്നും പഠിക്കാതെ നിസംഗതയോടെ ജീവിതം പാഴാക്കുന്നവരും ഉണ്ട്."

അപ്പോസ്തലന്മാർ ആത്മസ്നാനം പ്രാപിച്ച ശേഷം കിടന്നുറങ്ങിയിരുന്നുവെങ്കിൽ അപ്പൊസ്തലപ്രവൃത്തികൾ എന്ന പുസ്തകം ഉണ്ടാകുമായിരുന്നില്ലല്ലോ? അവർക്കു ലഭിച്ച ശക്തി ഫലപ്രദമായി ഉപയോഗിച്ചതുകൊണ്ടാണ് സഭ വളർന്നത്. തീർച്ചയായും അവർക്ക് അതുമൂലം ഉപദ്രവങ്ങളും, വിമർ

**ഏലാ താഴ്‌വരയിൽ 40 ദിവസം ഒരു ഫെലിസ്ത്യ മല്ലൻ വെല്ലുവിളിച്ചെങ്കിലും ശൗലും സൈന്യവും ഭയപ്പെട്ടു നിന്നതല്ലാതെ ഒന്നും ചെയ്തില്ല. അവിടെ വന്ന ദാവീദ് വെല്ലുവിളി ഏറ്റെടുക്കുവാൻ തയ്യാറായി. പക്ഷേ സഹോദരന്മാർ അവനെ പരിഹസിക്കയായിരുന്നു. അവനെ അഹങ്കാരി എന്നാണ് അവർ വിളിച്ചത്. അവർ ചോദിച്ചത്. പട കാണാനല്ലേ നീ വന്നത്. അവനെ ആളുകൾ തെറ്റിദ്ധരിച്ചു. ആരും പ്രോത്സാഹിപ്പിച്ചില്ല. ശൗലും അവനെ നിരുത്സാഹപ്പെടുത്തുകയായിരുന്നു. പക്ഷേ ദാവീദ് തളർന്നില്ല. ഗോലിയാത്തിന്റെ വലിപ്പവും ആയുധ ബലവും ദാവീദിനെ ഭയപ്പെടുത്തിയില്ല. അവൻ ആ വെല്ലുവിളി ഏറ്റെടുത്ത് മുന്നോട്ട് പാഞ്ഞു. തിരിച്ചു വന്നത് ഗോലിയാത്തിന്റെ തലയുമായാണ്. ശൗലും സൈന്യവും വെറും കാഴ്ചക്കാർ മാത്രം.**



ശനങ്ങളും കഷ്ടനഷ്ടങ്ങളും ഉണ്ടായിട്ടുണ്ട്. പക്ഷേ ജീവിതാവസാനം തിരിഞ്ഞു നോക്കുമ്പോൾ ജീവിതം സഫലമായിരുന്നുവെന്നു ആത്മസംതൃപ്തി ഉണ്ടായിരുന്നു. അവർ കാഴ്ചക്കാരല്ലായിരുന്നു, കർമ്മനിരതരായിരുന്നു. അവർ വിമർശനങ്ങളെ ഭയപ്പെട്ടില്ല, വെല്ലുവിളികളെ ധൈര്യത്തോടെ നേരിട്ടു ക്രിസ്തുവിനു വേണ്ടി എന്തും ഏതും ആകുവാൻ തയ്യാറായി.

എന്താണ് ജീവിതത്തിലെ ഏറ്റവും വലിയ ദുരന്തം? മരണമെന്നാണ് പലരും ഉത്തരം പറയുക. അല്ല മരണമല്ല ഏറ്റവും വലിയ ദുരന്തം. ലക്ഷ്യം ഇല്ലാതെ ജീവിക്കുന്നതാണ് ജീവിതത്തിലെ ഏറ്റവും വലിയ ദുരന്തം. ലക്ഷ്യബോധത്തോടെ ജീവിക്കുന്നവർക്ക് മരണം ദുരന്തമല്ല: മറിച്ച് ലാഭമാണ്. അവർ ആവേശത്തോടെ മുഷ്ടി ചുരുട്ടി വിളിച്ചു പറയും... ജീവിക്കുന്നത് ക്രിസ്തുവിനുവേണ്ടി, മരിച്ചാൽ ലാഭം.

മരണം ലാഭമാകുന്നത് ചിലർക്കു മാത്രമാണ്. ജീവിതത്തിന്റെ ലാഭനഷ്ടത്തിന്റെ കണക്കു മനസ്സിലാകുന്നതു മരണത്തോടയാണ്. ലഭിച്ച ആയുസ്സിൽ നിത്യതയിൽ നിലനിൽക്കുന്ന പ്രവർത്തനങ്ങൾ ചെയ്തവർക്കാണ് മരണം ലാഭം. ആയുസ്സു മുഴുവൻ കാഴ്ചക്കാരായി, അലസരായി നടന്നവർക്ക് എന്തു നേട്ടം? ഭൂമിയ്ക്കു ഭാരമായും, മനുഷ്യർക്കു ശല്യമായും, സഭയ്ക്കു അപമാനമായും, ഭൂമിയിലെ അമൂല്യ വിഭവങ്ങൾ തിന്നും കുടിച്ചും പാഴാക്കി, കാഴ്ചക്കാരായി എന്തിന് ജീവിക്കണം.

ഓരോ കാലഘട്ടത്തിലും ജീവിക്കുന്നവർക്ക് അതാതു കാലത്തെ കാലത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കുവാൻ ബാദ്ധ്യത ഉണ്ട്. ഏലാ താഴ്‌വരയിൽ 40 ദിവസം ഒരു ഫെലിസ്ത്യ മല്ലൻ വെല്ലുവിളിച്ചെങ്കിലും ശൗലും സൈന്യവും ഭയപ്പെട്ടു നിന്നതല്ലാതെ ഒന്നും ചെയ്തില്ല. അവിടെ വന്ന ദാവീദ് വെല്ലുവിളി ഏറ്റെടുക്കുവാൻ തയ്യാറായി. പക്ഷേ സഹോദരന്മാർ അവനെ പരിഹസിക്കയായിരുന്നു. അവനെ അഹങ്കാരി എന്നാണ് അവർ വിളിച്ചത്. അവർ ചോദിച്ചത്. പട കാണാനല്ലേ നീ വന്നത് (1ശമു.17:29). അവനെ ആളുകൾ തെറ്റിദ്ധരിച്ചു. ആരും പ്രോത്സാഹിപ്പിച്ചില്ല. ശൗലും അവനെ നിരുത്സാഹപ്പെടുത്തുകയായിരുന്നു. പക്ഷേ ദാവീദ് തളർന്നില്ല. ഗോലിയാത്തിന്റെ വലിപ്പവും ആയുധ ബലവും ദാവീദിനെ ഭയപ്പെടുത്തിയില്ല. അവൻ ആ വെല്ലുവിളി ഏറ്റെടുത്ത് മുന്നോട്ട് പാഞ്ഞു. തിരിച്ചു വന്നത് ഗോലിയാത്തിന്റെ തലയുമായാണ്. ശൗലും സൈന്യവും വെറും കാഴ്ചക്കാർ മാത്രം. ദാവീദ് തെളിയിച്ചു... ഞാൻ കാഴ്ചക്കാരനല്ല, തലമുറയുടെ വെല്ലുവിളി ഏറ്റെടുക്കുവാൻ ദൈവം നിയോഗിച്ചയച്ചതാണ്.

ദാവീദിനു ആരും അവസരം ഉണ്ടാക്കി കൊടുത്തതല്ല, അവസരം കണ്ടെത്തുകയായിരുന്നു. ആരും പ്രോത്സാഹിപ്പിക്കാനില്ലായിരുന്നു. പക്ഷേ തളർന്നില്ല. ഇവിടെ ആരും ആർക്കും വഴി വെട്ടി കൊടുക്കുകയല്ല, തനിയെനടന്ന് വഴിയാക്കുകയാണ്. ആരും ഏണി ചാരിക്കൊടുക്കുകയല്ല, അള്ളിപ്പിടിച്ച് തത്തിതത്തി-വലിഞ്ഞ് കയറുകയാണ്. ജീവിതം ഒരു വെല്ലുവിളിയാണ്. ദർശനമുള്ളവനു ആരും അവസരം കൊടുത്തില്ലെങ്കിലും, പ്രോത്സാഹിപ്പിച്ചില്ലെങ്കിലും വെല്ലുവിളി ഏറ്റെടുക്കും. അല്ലാത്തവർ വല്ലവരുടെയും കുറ്റം പറഞ്ഞ്. സ്വയം സഹതപിച്ച്, മറ്റുള്ളവരെ ഉപദ്രവിച്ച്, ആത്മ നിർവൃതി അടയും. വെറും കാഴ്ചക്കാർ: വെറുതെ ജീവിക്കുന്നു, വെറുതെ തിന്നുന്നു, വെറുതെ ഉണരുന്നു, വെറുതെ വെറുതെ ഉറങ്ങുന്നു, വെറുതെ വല്ലതുമൊക്കെ പറയുന്നു, വെറുതെ വല്ലതുമൊക്കെ കാട്ടി കൂട്ടുന്നു. ഒരു ജീവിതം പാഴാക്കുന്നു.

വെറും കാഴ്ചക്കാർ:... ഭൂമിക്ക് ഭാരം, സഭക്ക് ഭാരം, ജീവിതം അവർക്കും ഭാരം.

വെറും കാഴ്ചക്കാർ'..



# നമ്മുടെ ചില സൗന്ദര്യ സങ്കല്പങ്ങൾ



രാജു ആനിക്കാട്

അന്യരുടെ ശ്രദ്ധാകേന്ദ്രമായിത്തീരുക എന്നത് മനസ്സിന്റെ വലിയ ആഗ്രഹമാണ്. വന്യമായ ഒരുതരം അനുഭൂതി. പ്രധാന ആകർഷണ കേന്ദ്രം ബാഹ്യസൗന്ദര്യമാണ്. അത്തരം ഒരു ആകർഷകമായ സൗന്ദര്യം ഇല്ലാത്തവർ സ്വാഭാവികമായും മറ്റു മാർഗ്ഗങ്ങളിലൂടെ ആകർഷിക്കപ്പെടുവാൻ ശ്രമിക്കുന്നു എന്നാണ് മനഃശാസ്ത്രമതം. വഴിപിഴച്ച സൗന്ദര്യസങ്കല്പമാണ് ഇന്നത്തെ വലിയ പ്രശ്നം.

ലോകസുന്ദരീസുന്ദരന്മാരെപ്പോലെ അല്ലെങ്കിലും ഒരു സുന്ദരിയോ സുന്ദരനോ ആകുക എന്നത് ഏതൊരു ആളിന്റെയും സ്വപ്നമാണ്. സ്ത്രീയായാലും പുരുഷനായാലും അല്പം സൗന്ദര്യം വേണം എന്ന ചിന്തക്കാരാണ് നാമെല്ലാവരും. നമ്മുടെ പൗരാണിക ചിന്ത തന്നെ സൗന്ദര്യം സ്ത്രീയുടേതാണ്, സ്ത്രീക്കുള്ളത് എന്നൊക്കെയാണ്. അതുകൊണ്ട് കവികളുടെയും ചിന്തകന്മാരുടേയുമൊക്കെ രചനകൾക്ക് ഏറെ വിഷയീഭവിച്ചിട്ടുള്ളതും, അവർ പുകഴ്ത്തിയതും വാഴ്ത്തിയതും ആരാധിച്ചു പോരുന്നതും സ്ത്രീ സൗന്ദര്യമാണ്. മാസികകളും വാരികകളും മാത്രമല്ല, നിത്യോപയോഗ വസ്തുക്കളുടെ വിപണന തന്ത്രത്തിനും പ്രദർശിപ്പിക്കുന്നത് സ്ത്രീ സൗന്ദര്യമാണ്. എന്തായാലും പ്രദർശിപ്പിക്കുന്ന സൗന്ദര്യം പ്രശംസിക്കപ്പെടുന്നു എന്നതു സത്യം.

**പുതിയനിയമത്തിൽ സൗന്ദര്യചിന്ത ഒരു പുതിയ മാനത്തിലാണ് രേഖപ്പെടുത്തുന്നത്. പുതിയ നിയമത്തിലും പഴയനിയമത്തിലേതുപോലെ തന്നെ പല പുരുഷന്മാരേക്കുറിച്ചും സ്ത്രീകളെക്കുറിച്ചും പറയുന്നുണ്ട്. പാപിയായ പുരുഷൻ, ഭക്തൻ, സുവിശേഷകൻ, ശുശ്രൂഷകൻ എന്നീ നിലകളിൽ വിശേഷിപ്പിക്കുന്നുണ്ട്. അതുപോലെ തന്നെ പാപിനിയായ സ്ത്രീ, ഭക്തയായ സ്ത്രീ, ശുശ്രൂഷക്കാരി സ്ത്രീ എന്നീ വിശേഷണങ്ങളും ഉണ്ട്.**

അങ്ങനെ സൗന്ദര്യാരാധകരും ആസ്വാദകരും എല്ലാം ചേർന്ന് ഇവിടെ ഒരു സൗന്ദര്യതരംഗം സൃഷ്ടിക്കുന്നു. ചില കൃത്രിമ സൗന്ദര്യ നിർമ്മാണ ഫാക്ടറികളും, ഇവിടങ്ങളിൽ കയറിയിറങ്ങി രൂപവും ഭാവവും മാറിമാറി വിലസുന്ന സുന്ദരന്മാരും സുന്ദരികളും ഉണ്ട്.

ഇവിടെ എല്ലാവരും സുന്ദരരാകുവാനുള്ള ശ്രമത്തിലാണെന്നു പറയാം. സുന്ദരിയാകാൻ വെമ്പുന്ന സ്ത്രീകൾ, സുന്ദരന്മാരാകാൻ ശ്രമിക്കുന്ന പുരുഷന്മാർ, സ്ത്രീ, സ്ത്രീയാവുക, പുരുഷൻ പുരുഷനാവുക. എന്നീ വിശുദ്ധമായ സൗന്ദര്യചിന്ത നമുക്ക് അന്യമായി. അങ്ങനെ സ്ത്രീ സ്ത്രീയായിരിക്കുവാൻ ശ്രമിക്കാതെ സുന്ദരിയാകാൻ ശ്രമിച്ച്, നാമും അവരും പ്രതീക്ഷിക്കാത്ത പലതും ആയിത്തീരുന്നു. സ്ത്രീയും പുരുഷനും അല്ലാത്ത മറ്റെന്തോ. അതാണ് വാസ്തവം. സൗന്ദര്യ സങ്കല്പം വഴിപിഴയ്ക്കുന്നു. വാസ്തവത്തിൽ എന്താണ് സൗന്ദര്യം, എന്തല്ല എന്നു പറയുക സാധ്യമല്ല. എല്ലാം ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ ഒരുവന് അല്ലെങ്കിൽ മറ്റൊരുവന് സുന്ദരമാണ്.

**സൗന്ദര്യം വിലയിരുത്തൽ**

എന്തായാലും ഇവിടെ ഒരു സൗന്ദര്യാധിഷ്ഠിത വിലയിരുത്തൽ നിലനിൽക്കുന്നു. ചിലത് തള്ളപ്പെടുന്നു എന്നത് വാസ്തവമാണ്. എന്നാൽ തെരഞ്ഞെടുക്കപ്പെട്ടതു കൊണ്ടോ തള്ളപ്പെട്ടതുകൊണ്ടോ അത് ആത്യന്തികവും പൂർണ്ണമായതും എന്നു പറയുക സാധ്യമല്ല. കാരണം, സൗന്ദര്യം വിലയിരുത്തുമ്പോൾ അത് ആര് ചെയ്യുന്നുവോ ആ വ്യക്തിയുടെ ഇഷ്ടാനിഷ്ടങ്ങളും, ആസ്വാദന പ്രത്യേകതയ്ക്കും അനുസരിച്ചായിരിക്കും അളക്കുന്നത്. സ്വന്തം സൗന്ദര്യസങ്കല്പത്തിന്റെയും അഭിരുചിയുടെയും അടിസ്ഥാനത്തിൽ എന്താണ് സൗന്ദര്യം എന്ന് വിലയിരുത്തുമ്പോൾ പൊതുജനം പലവിധം എന്നേ നമുക്ക് പറയാനാകൂ. അതായത്, ഒരാൾക്ക് സൗന്ദര്യം ആ

സ്വദിക്കുവാൻ കഴിയുന്ന വ്യക്തിയിലോ, വസ്തുവിലോ, അതേ സൗന്ദര്യം മറ്റൊരുവനു കണ്ടെത്താൻ സാധിച്ചെന്നുവരില്ല. എല്ലാവർക്കും സ്വീകാര്യവും ആസ്വാദ്യകരവുമായ ഒരു സുന്ദര വസ്തുവോ വ്യക്തിയോ പ്രപഞ്ചത്തിൽ ഉണ്ടാവുകയില്ലായിരിക്കും.

മനുഷ്യന്റെ സൗന്ദര്യ സങ്കല്പം വ്യക്തി, ദേശം, വർഗ്ഗം, വർണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ വിഭിന്നമാണ്. ഭാരതീയന്റെ സൗന്ദര്യസങ്കല്പവും വൈദേശീയ സങ്കല്പവും വ്യത്യസ്ഥമാണ്. ആഫ്രിക്കയിലെ കറുത്ത വർഗ്ഗത്തിലെ ഏറ്റവും സുന്ദരിയായ സ്ത്രീ ഇന്ത്യക്കാരന്റെ ദൃഷ്ടിയിൽ വിരൂപയായിരിക്കാം. അതുപോലെ നമ്മുടെ സുന്ദരി അവർക്കു സുന്ദരിയായിരിക്കില്ല. അങ്ങനെയെങ്കിൽ ഈ മനുഷ്യ സമൂഹത്തിൽ ഒരു വ്യക്തിക്കും സൗന്ദര്യമില്ല എന്നു പറഞ്ഞ് പരിതപിക്കുന്നതിലോ, സൗന്ദര്യം ഉണ്ട് എന്ന ചിന്തയിൽ അഹങ്കരിക്കുന്നതിലോ അർത്ഥമില്ല. കാരണം, എല്ലാ മനുഷ്യനും സൗന്ദര്യമുണ്ട്. മനുഷ്യന്റെ ബാഹ്യസൗന്ദര്യം, വ്യക്തി, ദേശം, വർണ്ണം, വർഗ്ഗം എന്നിവയുടെ അടിസ്ഥാനത്തിൽ വിഭിന്നവുമാണ്. ഈ വക ചിന്തകൾക്ക് അനുസരിച്ച് മാറാത്തതും, ഏതു വർഗ്ഗത്തിലോ, വർണ്ണത്തിലോ രാഷ്ട്രത്തിലോ ആയാലും പൊതു സ്വഭാവത്തോടു കൂടി മാറ്റമില്ലാത്ത ചില സൗന്ദര്യ സങ്കല്പങ്ങൾ ഉണ്ടായിരിക്കും അതായിരിക്കും യഥാർത്ഥ സൗന്ദര്യം.

## സൗന്ദര്യചിന്ത ബൈബിളിൽ

**1. പഴയനിയമം**

വിശുദ്ധ ബൈബിളിൽ, പഴയനിയമത്തിൽ മനുഷ്യന്റെ ബാഹ്യസൗന്ദര്യത്തെക്കുറിച്ചുള്ള പരാമർശങ്ങൾ നിരവധി ഉണ്ട്. സ്ത്രീ പുരുഷ വ്യത്യാസമെന്യേ സൗന്ദര്യാധിഷ്ഠിത പരിചയപ്പെടുത്തൽ പ്രകടമാണ്. സാറ, റിബേക്ക, റാഹേൽ, ബേത്ത്ശേബ, താമാർ അബീശാഗ്, എസ്ഥേർ, വസ്ഥി തുടങ്ങിയ സുന്ദരികളും അതിസുന്ദരികളുമായ സ്ത്രീകളെക്കുറിച്ചും മോശ, ദാവീദ്, യോസേഫ് തുടങ്ങിയ സുന്ദരന്മാരായ പുരുഷന്മാരെക്കുറിച്ചും വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല, സൗന്ദര്യ ചിന്തയുടെ വിവിധ നന്മ തിന്മകളെക്കുറിച്ചുള്ള പരാമർശങ്ങളും കാണുവാൻ കഴിയുന്നുണ്ട്. അതായത് സൗന്ദര്യത്തിന്റെ പ്രയോജനങ്ങളും പ്രശ്നങ്ങളും, അഹങ്കാരത്തിന്റെ ഫലങ്ങളും രേഖപ്പെടുത്തിയിരിക്കുന്നതായി കാണാം. അതി സൗന്ദര്യത്താൽ ആകർഷിച്ചും ആകർഷിക്കപ്പെട്ടും അപകടത്തിലായവർ നിരവധിയാണ്. ആകർഷിച്ച ദാവീദ് ആകർഷിക്കപ്പെട്ട ബേത്ത്ശേബ, യോസഫ്, താമാർ എന്നിവരും സൗന്ദര്യമുണ്ടായിട്ടും ത്യജിക്കപ്പെട്ട വസ്ഥിയും, സൗന്ദര്യത്താൽ തെരഞ്ഞെടുക്കപ്പെട്ട എസ്ഥേറിനെയും കാണാം.

പഴയനിയമത്തിൽ മനുഷ്യന്റെ ബാഹ്യസൗന്ദര്യത്തിനു പ്രാധാന്യം കൊടുത്തു പറയുന്നുണ്ട് എങ്കിലും അതിന്റെ നൈമിഷികതയും നിരർത്ഥകതയും വളരെ വ്യക്തമായി വെളിപ്പെടുത്തുന്നുണ്ട്. വിവേകമില്ലാത്ത സുന്ദരി പന്നിയുടെ മൂക്കിൽ പൊൻ മൂക്കുത്തി പോലെ,(സദൃ. 11:22) ലാവണ്യം വ്യാജവും സൗന്ദര്യം വ്യർത്ഥവും ആകുന്നു (സദൃ. 31:30) എന്നീ വാക്യങ്ങൾ ആയതിലേക്ക് വിരൽ ചൂണ്ടുന്ന അനേകം വാക്യങ്ങളിൽ ചിലതു മാത്രമാണ്.

**2. പുതിയനിയമ ചിന്ത**

പുതിയനിയമത്തിൽ സൗന്ദര്യചിന്ത ഒരു പുതിയ മാനത്തിലാണ് രേഖപ്പെടുത്തുന്നത്. പുതിയ നിയമത്തിലും പഴയനിയമത്തിലേതുപോലെ തന്നെ പല പുരുഷന്മാരേക്കുറിച്ചും സ്ത്രീകളെക്കുറിച്ചും പറയുന്നുണ്ട്. പാപിയായ പുരുഷൻ, ഭക്തൻ, സുവിശേഷകൻ, ശുശ്രൂഷകൻ എന്നീ നിലകളിൽ വിശേഷിപ്പിക്കുന്നുണ്ട്. അതുപോലെ തന്നെ പാപിനിയായ സ്ത്രീ, ഭക്തയായ സ്ത്രീ, ശുശ്രൂഷക്കാരി സ്ത്രീ എന്നീ വിശേഷണങ്ങളും ഉണ്ട്. എന്നാൽ ഒരിടത്തും സുന്ദരനായ പുരുഷനെക്കുറിച്ചും അതി സുന്ദരിയായ സ്ത്രീയേക്കുറിച്ചും പറയുന്നില്ല. (മോശെയുടെ കാര്യം പഴയനിയമത്തിൽ നിന്നും ഉദ്ധരിച്ചിട്ടുണ്ട്). അതുകൊണ്ട് പുതിയ നിയമ കാലത്ത് സുന്ദരന്മാരോ സുന്ദരികളോ ഉണ്ടായിരുന്നില്ല എന്നു വരുന്നില്ല. ഇതിൽ നിന്നും മനസിലാക്കേണ്ടത് ക്രൈസ്തവചിന്തയിൽ മനുഷ്യന്റെ ബാഹ്യമായ സൗന്ദര്യമല്ല പ്രധാനം. അതിനും അപ്പുറത്തുള്ള ഒരു സൗന്ദര്യ ചിന്തക്കാണ് അവിടെ പ്രാധാന്യം. വിശുദ്ധ പൗലൊസിന്റെ വാക്കുകളിലൂടെ ആ ചിന്ത പുറത്തുവരുന്നുണ്ട്. ഞങ്ങളുടെ പുറമെയുള്ള മനുഷ്യൻ ക്ഷയിച്ചു പോകുന്നുവെങ്കിലും ഞങ്ങളുടെ അകമെയുള്ളവൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു (2 കൊരി. 6:16). വിശുദ്ധ പത്രൊസ് പറയുന്നു: നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമേയുള്ളതല്ല. ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നെ ദൈവസന്നിധിയിൽ വിലയേറിയതാകുന്നു (1 പത്രൊ. 3:3,4). അദൃശ്യ ദൈവം, അദൃശ്യ ആത്മാവ്, അദൃശ്യമായ അകത്തെ മനുഷ്യൻ എന്നീ ചിന്തകളുള്ളതുകൊണ്ട് ഒരു അദൃശ്യസൗന്ദര്യ ചിന്തയാണ് പുതിയ നിയമത്തിൽ കാണുന്നത്. അതായത്, ക്രൈസ്തവികതയിൽ ബാഹ്യ സൗന്ദര്യത്തിനല്ല ആന്തരിക സൗന്ദര്യത്തിനാണ് പ്രാധാന്യം. ദൈവിക സ്വഭാവ ഗുണങ്ങളാണ് അതിന്റെ ഫലം. പുറമെയുള്ള നിറമോ, മണമോ, അലങ്കാരമോ ഒന്നും തന്നെ വിലയില്ലാത്തതാണ് പ്രസക്തമല്ല. അതിന്റെ വൈകല്യങ്ങളോ വൈരൂപ്യങ്ങളോ ഒന്നും ക്രിസ്ത്യാനിക്ക് പ്രധാനമല്ല. അപ്രധാനം തന്നെയാണ്. ഒരു ചിത്രത്തിന്റെ ചട്ടക്കൂട് എത്ര മനോഹരമാണെങ്കിലും അതിനല്ല അതിനുള്ളിലെ ചിത്രത്തിനാണ് പ്രാധാന്യം. ബാഹ്യമായ വ്യക്തി പ്രഭാവം വെറും മുഖംമൂടിയാണ്, അയാഥാർത്ഥ്യം ആണ്. ആന്തരിക വ്യക്തിത്വമാണ് യാഥാർത്ഥ്യം. സൗന്ദര്യത്തിന്റെയും സംശുദ്ധിയുടെയും ചേർച്ച വിരളമാണ്. സൗന്ദര്യവും വിവേകവും അപൂർവ്വമായേ ഒരുമിച്ചു കാണൂ.

അതുകൊണ്ട് ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം ലോകസംസ്കാരത്തിനനുസരിച്ച് ഒരു സൗന്ദര്യ സങ്കല്പം കൊണ്ടുനടക്കാനോ, ആ സങ്കല്പത്തിനനുസരിച്ച് ഉയരാത്തതിൽ സങ്കടപ്പെടാനോ ഇല്ല. ലോക ക്രിസ്ത്യാനിക്ക് ചേർന്നതല്ല. സൗന്ദര്യ വർദ്ധക വസ്തുക്കളാൽ വൈരൂപ്യം നികത്തി ആടയാഭരണങ്ങളാൽ വിളങ്ങി നിൽക്കുന്നതിനോ ക്രിസ്ത്യനിത്വം അനുവദിക്കുന്നില്ല. ക്രിസ്ത്യാനിയുടെ സൗന്ദര്യം ലൗകികമല്ല അത് ദൈവികമാണ്. ലൗകിക സംസ്കാരത്തിലെ സൗന്ദര്യ സങ്കല്പത്തിന് അനുസരിച്ച് വളരുവാനല്ല, ക്രൈസ്തവ സംസ്കാരത്തിനും ദൈവികസൗന്ദര്യ സങ്കല്പ്പത്തിനും അനുസരിച്ച് ഉയരുവാനാണ് ദൈവിക പ്രതീക്ഷ.



# ആകാശത്തിലെ പറവകളെ നോക്കുവിൻ



ബാബു ചെറിയാൻ

**നമുക്കുവേണ്ടി ഏറ്റം മികച്ചതു കരുതുന്ന ഒരു ദൈവം നമുക്കുണ്ടെന്നും, നമ്മെ തടയുവാനോ, തളർത്തുവാനോ യാതൊരു പ്രതിസന്ധിക്കും കഴിയില്ലന്നും നമുക്ക് യാതൊന്നിനെയും ഭയക്കുവനില്ലന്നും നമുക്ക് ചിറകടിച്ചുയരാൻ കഴിയമെന്നും ആകാശത്തിലെ പറവകൾ നമ്മോടു പറയുന്നു. മാത്രമല്ല ഇന്നുവരെ കണ്ടുപിടിക്കപ്പെട്ടിട്ടുള്ള ഏതൊരു വിമാനത്തെക്കാളും ഉയരത്തിലും വേഗത്തിലും നമ്മൾ ഒരു ദിവസം പറക്കാൻ പോകുന്നു.**

2000 വർഷങ്ങൾക്കു മുമ്പ് പ്രപഞ്ചസൃഷ്ടാവ് മനുഷ്യനായി ഈ മണ്ണിൽ വന്നപ്പോൾ ഉരുവിട്ട ഉന്നതമായ ഒരു ചിന്തയാണിത്.

നാം എവിടെ നോക്കുന്നു എന്നതാണ് നമ്മുടെ ഗതിയെ നിയന്ത്രിക്കുന്നത്. അതാണ് നമ്മുടെ ഭാവിയും നിശ്ചയിക്കുന്നത്. മറ്റുള്ളവരുടെ കുറ്റങ്ങളും കുറവുകളും തകർച്ചകളും പരാജയങ്ങളും ചതികളും വഞ്ചനകളുമാണോ നമ്മുടെ കണ്ണിൽ എപ്പോഴും തെളിയുന്നത്? എങ്കിൽ അതിന്റെ അന്ത്യം വിഷമകരവും നിരാശാപരവുമായിരിക്കും.

അബ്രഹാം അല്പം നിരാശനായി കാണപ്പെട്ട രാത്രിയിൽ കർത്താവായ യഹോവ അവനെ വിളിച്ച് കൂടാരത്തിനു പുറത്ത് കൊണ്ടുചെന്ന് ആകാശത്തേക്കു നോക്കുവാൻ ആവശ്യപ്പെട്ടു. ഒരു കൂട്ടുകാരനെപ്പോലെ കർത്താവ് അവന്റെ കാഴ്ചപാടിനെ മാറ്റുവാൻ സഹായിക്കുന്ന കാഴ്ച ഉല്പത്തി 15:5 ൽ കാണാം. അബ്രഹാം വിശ്വാസത്തിൽ വന്നിട്ട് ഇപ്പോൾ അനേക വർഷങ്ങളായി എന്നത് പ്രത്യേകം ഓർക്കണം. സ്വജനത്തേയും ദേശത്തേയും പിതൃഭവനത്തെയും വിടുവാൻ തക്ക വിശ്വാസം അബ്രഹാമിനുണ്ടായിരുന്നു. ലോത്തുമായി ഉണ്ടായ സാമ്പത്തീക തർക്കത്തിൽ ആർത്തികൂടാതെ തീരുമാനമെടുക്കതക്ക വിശ്വാസം തനിക്കുണ്ടായിരുന്നു. സോദോം രാജാവിന്റെ നക്കാപിച്ചക്കു മുമ്പിൽ മഹാസമ്പന്നനായ ദൈവത്തിന്റെ സമ്പത്തിൽ ആശ്രയിച്ച് അഭിമാനത്തോടെ 'നോ' പറയാനുള്ള ധൈര്യവും അബ്രഹാമിന്റെ വിശ്വാസത്തിലുണ്ടായിരുന്നു. പക്ഷേ കാഴ്ചപ്പാട് ഇനിയും മാറണം.

നമ്മൾ വിശ്വാസികൾ എത്ര എത്ര അനുഭവത്തിന്റെ പൂർവ്വകഥകൾ വിശ്വാസ സംബന്ധമായി അയവിറക്കുവാൻ നമുക്കുണ്ട്. സമുദായം വിട്ടതും, മതം ഉപേക്ഷിച്ചതും കുടുംബസ്വത്തുക്കൾ നഷ്ടമായതും സമൂഹത്തിൽ അപമാനിക്കപ്പെട്ടതും ആഭരണം മാറ്റിയതും ശവക്കോട്ട നഷ്ടപ്പെട്ടതും തുടങ്ങി അനവധി അനുഭവങ്ങളുണ്ട്. എങ്കിലും ഇന്ന് നമ്മുടെ കാഴ്ചപ്പാട് മാറ്റുവാൻ കർത്താവു പറഞ്ഞാൽ നമ്മൾ എന്തുപറയും?

പിന്നെയും കുറെ വർഷങ്ങൾ പിന്നിട്ടപ്പോൾ ദാവീദ് എന്നൊരു മനുഷ്യൻ (ഏതോ ടെൻഷന്റെ നടുവിലാണന്നു തോന്നുന്നു) രാത്രിയിൽ വീടിനു പുറത്തിറങ്ങി ആകാശത്തേക്കു നോക്കി കുറെ സമയം നടന്നു. അവൻ ചന്ദ്രനെയും നക്ഷത്രങ്ങളേയും കണ്ടു. മാത്രമല്ല അവൻ അവനെ കണ്ടു. അത്രയുമല്ല അവൻ പ്രപഞ്ചത്തിലെ അത്ഭുതങ്ങളെ കണ്ടു. സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമടങ്ങുന്ന ഈ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടാവിനെയും ദാവീദു കണ്ടു. അവൻ മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ സൃഷ്ടിപ്പിനെ കണ്ടു. ഈ രാത്രിയിൽ ആകാശത്തു നോക്കിയ ദാവീദു നാലു കാര്യങ്ങൾ കണ്ടു.

**1. അവൻ സ്വയം കണ്ടു**

മനുഷ്യനെ നീ ഓർക്കാൻ അവൻ എന്ത്? എന്റെ ദൈവമേ പൊടിയായ എന്നെ അവിടുന്ന് ഓർത്തല്ലോ. നീ എത്രയോ വലിയവനാണ്. എന്നെ ഓർക്കേണ്ട വല്ല കാര്യവുമുണ്ടോ?

**2. അവൻ മനുഷ്യസൃഷ്ടിപ്പിനെ മുഴുവൻ കണ്ടു.**

നമുക്കു നമ്മെ കാണാൻ കഴിഞ്ഞാൽ മറ്റുള്ളവരെയും കൂടി കാണാൻ കഴിയും. സ്തോത്രം.

**3. അവർ സൃഷ്ടാവിനെ കണ്ടു**

ഒരിക്കലല്ല എന്നും എപ്പോഴും സൃഷ്ടാവിനെ ഓർക്കയും ധ്യാനിക്കയും കാണുകയും ചെയ്യുവാൻ നമുക്കിടയാവട്ടെ.

**4. അവൻ പ്രപഞ്ചമെന്ന മഹാത്ഭുതത്തിന്റെ ഒരംശം കണ്ടു**

നമ്മൾ അധികം പേരും താഴേക്കു നോക്കി നടക്കുന്നവരാണല്ലോ. എന്നാൽ താഴയുള്ളതിനേക്കാൾ എത്രയോ മടങ്ങു അത്ഭുതകരവും വിലയേറിയതുമായ കാര്യങ്ങളാണ് മുകളിലുള്ളത്. എത്രകോടി നക്ഷത്രഗോളങ്ങളാണ് മുകളിൽ. അതേപോലുള്ള ഒരു ചെറിയഗോളമായ ഭൂമിയിൽ എത്രയോ സമ്പത്തുണ്ട്? അങ്ങനെ മറ്റു ഗോളങ്ങളിലെ നിക്ഷേപങ്ങളുടെ വിലയും വലിപ്പവും ആർക്കറിയാം. ഹാ ദൈവമേ അങ്ങെത്ര വലിയവൻ!

ഈ ഉൾക്കാഴ്ചകൾ ഉൾക്കൊണ്ടാണ് ദാവീദ് എട്ടാം സങ്കീർത്തനം ചമച്ചത്. 'ഞങ്ങളുടെ കർത്താവായ യഹോവേ... നിന്റെ നാമം ഭൂമിയിലൊക്കെയും എത്ര ശ്രേഷ്ഠമായിരിക്കുന്നു' എന്നതാണ് ഈ കവിതിയിലെ പ്രധാന കോറസ്. അതെ അവൻ അന്നു രാത്രി ദൈവത്തിന്റെ മഹത്വം ദർശിച്ചു. സ്തോത്രം.

പിന്നെയും പല നൂറ്റാണ്ടുകൾക്കു ശേഷം ദൈവപുത്രൻ മനുഷ്യനായി മണ്ണിൽ വന്നു. ജീവിത ഭാരങ്ങളായിൽ വലയുന്ന മനുഷ്യനെ നോക്കി യേശു പറഞ്ഞു 'ആകാശത്തിലെ പറവകളെ നോക്കുവീൻ' എന്തു തിന്നും, എന്തു കുടിക്കും, എന്തുടുക്കും എവിടെ കിടക്കും എവിടെ പഠിക്കും എന്തു പഠിക്കും എങ്ങനെ പഠിക്കും എന്നിങ്ങനെ വ്യാകുലപ്പെടുന്ന മനുഷ്യാ നീ ആകാശത്തിലേക്കു നോക്കുക. പക്ഷികളെ കാണുക, പക്ഷികളിൽ നിന്ന് എന്തു പഠിക്കാം?

**1. പക്ഷികൾക്ക് ടെൻഷനില്ല.**

ആകുല ചിന്തയില്ല, വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കൂട്ടിവയ്ക്കുന്നില്ല... ദൈവം ഉണ്ടെന്നവർക്കറിയാം. നമുക്കായി കരുതുന്ന ഒരു ദൈവം.

**2. പക്ഷികൾക്കു പ്രതിബന്ധങ്ങളില്ല.**

റോഡിലെ കുഴികളോ, പുഴയോ, മലയോ, കല്ലുകളോ, മുള്ളുകളോ ഒന്നും പക്ഷികൾക്കു പ്രശ്നമല്ല. കാരണം അവയ്ക്കു ചിറകുകളുണ്ടല്ലോ.

**3. പക്ഷികൾക്കു ഭയമില്ല**

പാമ്പ്, പട്ടി, പൂച്ച, കീരി, പുലി, കരടി, സിംഹം എന്നീ ഉഗ്രവാദികളെയും തീവ്രവാദികളെയും പക്ഷികൾക്കു ഭയമില്ല. കാരണം അവർക്കു ചിറകുകളുണ്ടല്ലോ? മറ്റുള്ളവർക്കൊന്നു ചിറകില്ലല്ലോ?

പിന്നെയും ഏകദേശം പത്തൊൻപതു നൂറ്റാണ്ടുകൾക്കുശേഷം പുളിങ്കുരുവും പത്രവും വിറ്റു നടന്ന ഒരു ബാലകൻ ആകാശത്തിലെ പറവകളെ നോക്കി. നോക്കാൻ കാരണം അഞ്ചാം ക്ലാസിലെ അദ്ധ്യാപകനായ ശിവസുബ്രഹ്മണ്യ അയ്യർ സാറാണ്. പക്ഷികൾ പറക്കുന്നതിന്റെ ശാസ്ത്രീയ രഹസ്യങ്ങൾ ഏകദേശം 45 മിനിറ്റ് ക്ലാസ്സെടുത്ത ശേഷം മനസ്സിലായോ എന്ന ചോദ്യത്തിന് അബ്ദുൾ കലാം എന്ന കുട്ടിയാണുത്തരം ഉറക്കെ പറഞ്ഞത്. 'മനസ്സിലായില്ല.' നല്ലവരും ദീർഘദർശിയുമായ ആ അദ്ധ്യാപകൻ കുട്ടികളെ കടൽ പുറത്തേക്കു കൂട്ടിക്കൊണ്ടുപോയി. പക്ഷികൾ പറക്കുന്നതു നോക്കി പഠിക്കാൻ അനേക സമയം അനുവദിച്ചു. ഒടുവിൽ വീണ്ടും ചോദിച്ചു ഈ പക്ഷിയുടെ പക്കൽ എൻജിൻ എവിടെയാണ്. ഇന്ധനം എവിടെ നിന്നാണ്? പക്ഷിയുടെ ജീവനിൽ നിന്നാണ് എല്ലാം ലഭിക്കുന്നതെന്നു അയ്യർ സാർ പഠിപ്പിച്ചപ്പോൾ കലാം എന്ന പതിനൊന്നു വയസ്സുകാരന്റെ ഹൃദയം പിടച്ചു വികസിച്ചു. ഭാവിയിൽ എയറോനോട്ടിക്കൽ എൻജിനീയറായും പിന്നീട് ശാസ്ത്രജ്ഞനായും ഒടുവിൽ ഇന്ത്യയുടെ പ്രസിഡന്റായും ചിറകടിച്ചുയരുവാൻ എ.പി.ജെ.അബ്ദുൾ കലാമിനെ സഹായിച്ചത് ആ പതിനൊന്നാം വയസ്സിലെ നോട്ടമായിരുന്നു. ആകാശത്തിലെ പറവയിലേക്കുള്ള നോട്ടം.

നമുക്കുവേണ്ടി ഏറ്റം മികച്ചതു കരുതുന്ന ഒരു ദൈവം നമുക്കുണ്ടെന്നും, നമ്മെ തടയുവാനോ, തളർത്തുവാനോ യാതൊരു പ്രതിസന്ധിക്കും കഴിയില്ലന്നും നമുക്ക് യാതൊന്നിനെയും ഭയക്കുവാനില്ലന്നും നമുക്ക് ചിറകടിച്ചുയരാൻ കഴിയുമെന്നും ആകാശത്തിലെ പറവകൾ നമ്മോടു പറയുന്നു. മാത്രമല്ല ഇന്നുവരെ കണ്ടുപിടിക്കപ്പെട്ടിട്ടുള്ള ഏതൊരു വിമാനത്തെക്കാളും ഉയരത്തിലും വേഗത്തിലും നമ്മൾ ഒരു ദിവസം പറക്കാൻ പോകുന്നു. കീഴോട്ടുനോക്കി ആരും നിരാശപ്പെടേണ്ട. ഉയരത്തിലേക്കു നോക്കാം. ശക്തിപ്പെടാം. നമ്മൾ പറക്കാനായി ജനിച്ചവരത്രെ.

**പക്ഷിയുടെ ജീവനിൽ നിന്നാണ് എല്ലാം ലഭിക്കുന്നതെന്നു അയ്യർ സാർ പഠിപ്പിച്ചപ്പോൾ കലാം എന്ന പതിനൊന്നു വയസ്സുകാരന്റെ ഹൃദയം പിടച്ചു വികസിച്ചു. ഭാവിയിൽ എയറോനോട്ടിക്കൽ എൻജിനീയറായും പിന്നീട് ശാസ്ത്രജ്ഞനായും ഒടുവിൽ ഇന്ത്യയുടെ പ്രസിഡന്റായും ചിറകടിച്ചുയരുവാൻ എ.പി.ജെ. അബ്ദുൾ കലാമിനെ സഹായിച്ചത് ആ പതിനൊന്നാം വയസ്സിലെ നോട്ടമായിരുന്നു. ആകാശത്തിലെ പറവയിലേക്കുള്ള നോട്ടം.**







പാസ്റ്റർ പി. ജെ. ഡാനിയേൽ

kXpXnbpw B cm[\bpw

# ശത്രുവിനെതിരെയുള്ള ശക്തമായ ആയുധം

**സ്തുതിയുടേയും ആരാധനയുടേയും നടുവിൽ കാരാഗ്രഹത്തിന്റെ അടിസ്ഥാനങ്ങൾ ഇളകും. ഇരുമ്പ് ചങ്ങലകൾ അഴിഞ്ഞു മാറും. അടഞ്ഞ വാതിലുകളൊക്കെയും തുറക്കപ്പെടും.**

**ശീ**ർഷകം ചിലപ്പോൾ നിങ്ങൾക്ക് അവിശ്വസനീയമായോ അലോസരമായോ തോന്നിയേക്കാം. എന്നാൽ അത് തിരുവചനത്തിലെ നിഷേധിപ്പാൻ കഴിയാത്ത ഒരു യാഥാർത്ഥ്യമാണ്. ഒരു ഭക്തന്റെ ഹൃദയാന്തർഭാഗത്ത് നിന്നുയരുന്ന സ്തുതി സ്തോത്രങ്ങൾ ഉയർന്നുയർന്ന് സ്വർഗ്ഗോന്നതങ്ങളിൽ എത്തിച്ചേർന്ന് ദൈവത്തിന്റെ സർവ്വശക്തിയുമായി സംയോജിച്ച് താഴേക്കിറങ്ങി സാത്താന്റെ തലയെ തകർക്കുന്നതാണ്.

സങ്കീർത്തനത്തിൽ ഇങ്ങനെ വായിക്കുന്നു: ഭക്തന്മാരുടെ വായിൽ പുകഴ്ചയും അവരുടെ കയ്യിൽ ഇരുവായ്ത്തലയുള്ള വാളും ഉണ്ടായിരിക്കട്ടെ. ജാതികൾക്ക് പ്രതികാരവും വംശങ്ങൾക്ക് ശിക്ഷയും നടത്തേണ്ടതിനും അവരുടെ രാജാക്കന്മാരെ ചങ്ങലകളാലും പ്രഭുക്കന്മാരെ ഇരുമ്പ് വിലങ്ങുകളാലും ബന്ധിക്കേണ്ടതിനും എഴുതിയിരിക്കുന്ന വിധി നടത്തേണ്ടതിനും തന്നെ. 149: 6–7. ഭക്തന്മാരുടെ വായിൽ സ്തുതിയും അവരുടെ കയ്യിൽ ഇരുവായ്ത്തല വാളും (ദൈവവചനം) ഉണ്ടെങ്കിൽ സകല അന്ധകാര അധിപതികളേയും പരാജയപ്പെടുത്തുവാൻ കഴിയും.

തിരുവചനത്തിലെ മറ്റൊരു വേദഭാഗം കൂടി ഇവിടെ ഉദ്ധരിക്കട്ടെ. 'അവർ യഹോവക്ക് മഹത്വം കൊടുത്ത് അവന്റെ സ്തുതിയെ ദ്വീപുകളിൽ പ്രസ്താവിക്കട്ടെ. യഹോവ ഒരു വീരനെപ്പോലെ പുറപ്പെടും; ഒരു യോദ്ധാവിനെപ്പോലെ തീക്ഷ്ണത ജ്വലിപ്പിക്കും; അവൻ ആർത്തു വിളിക്കും; അവൻ ഉച്ചത്തിൽ ആർക്കും; തന്റെ ശത്രുക്കളോട് വീര്യം പ്രവർത്തിക്കും.' യെശയ്യാവ് 42: 12, 13.

എപ്പോഴാണ് യഹോവ ഒരു വീരനെപ്പോലെ പുറപ്പെടുന്നത്? എപ്പോഴാണ് അവൻ എഴുന്നേൽക്കുന്നത്? എപ്പോഴാണ് തന്റെ ശത്രുക്കളോട് വീര്യം പ്രവർത്തിക്കുന്നത്? അതേ! തന്റെ ജനം തന്നെ സ്തുതിക്കുമ്പോൾ. ദൈവജനം ദൈവത്തെ സ്തുതിക്കുമ്പോൾ ദൈവം തന്റെ ശത്രുക്കളുടെമേൽ വീര്യം പ്രവർത്തിക്കും. എപ്പോഴെങ്കിലും ദൈവത്തെ സ്തുതിച്ചപ്പോൾ ദൈവം ശത്രുവിനെ പരാജയപ്പെടുത്തിയിട്ടുണ്ടോ? ചില ഉദാഹരണങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കട്ടെ.

'അന്ന് വല്ഗിതത്താൽ ശൂര വല്ഗിതത്താൽ കുതിരക്കുളമ്പുകൾ ഘട്ടനം ചെയ്തു.' ന്യായാധിപന്മാർ 5: 22. എന്താണ് ഈ വല്ഗിതം? ഇംഗ്ലീഷിൽ KJV– യിൽ Prancing എന്നാണ് കൊടുത്തിരിക്കുന്നത്. ഇതിന് കുതിരയുടെ ചാട്ടം എന്നർത്ഥമുണ്ട്. കുതിര ചാടുന്നതു പോലെയുള്ള ചാട്ടം എന്നുമർത്ഥമുണ്ട്. കുതിര ചാടുന്നത് അതിന്റെ മുൻ കാലുകൾ ഉയർത്തി പിൻകാലുകളിൽ നിന്നു കൊണ്ട് തലയുയർത്തി ചിനക്കുന്നു. അതിനാണ് ഈ പദം ഉപയോഗിക്കുന്നത്. അതേപോലെയുള്ള ചാട്ടത്തിനും ഈ പദം ഉപയോഗിക്കുന്നു. ഓക്സ്ഫോർഡ് ഡിക്ഷണറിയിൽ "move springily" എന്നർത്ഥം കൊടുത്തിട്ടുണ്ട്. കോളിൻസ് ഡി

ക്ഷണറിയിൽ "move in a lively way" എന്നർത്ഥമാണ് കൊടുത്തിരിക്കുന്നത്. പ്രത്യേകരീതിയിലുള്ള ശക്തമായ നൃത്തം എന്നുമിതിനർത്ഥമുണ്ട്. ദൈവജനം കൈകളുയർത്തി ശക്തമായി ദൈവത്തെ സ്തുതിച്ചുകൊണ്ട് നൃത്തം ചെയ്യുന്നതിനെയാണ് വല്ഗിതം എന്ന പദം കൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത്.

ദൈവജനം ശക്തമായി നൃത്തം ചെയ്തുകൊണ്ട് ദൈവത്തെ സ്തുതിച്ചപ്പോൾ കുതിരയുടെ കുളമ്പുകൾ ഘട്ടനം ചെയ്യപ്പെട്ടു അഥവാ അറുക്കപ്പെട്ടു എന്നാണ് മുകളിൽ ഉദ്ധരിക്കപ്പെട്ട വാക്യത്തിന്റെ സാരാംശം.

പ്രസ്തുത വാക്യത്തിന്റെ പശ്ചാത്തലം ശ്രദ്ധിച്ചാൽ മാത്രമേ മുകളിൽ ഉദ്ധരിച്ച വാക്യത്തിന്റെ അർത്ഥം ഗ്രഹിക്കുവാൻ കഴികയുള്ളൂ. തൊള്ളായിരം ഇരുമ്പ് രഥങ്ങളുമായി കനാന്യ സേനാനായകനായ സിസെരാ യിസ്രായേൽ ജനത്തിനെതിരായി പാളയമിറങ്ങിയിരിക്കുകയാണ് യിസ്രായേൽ ജനത്തിന്റെ അന്നത്തെ സ്ഥിതി വളരെ ശോചനീയമായിരുന്നു. യിസ്രായേലിൽ നായകന്മാർ നിശേഷം അറ്റുപോയിരുന്നു. അവിടെ പരിചയും കുന്തവും കണ്ടതേയില്ല. രാജവീഥികൾ കാടു പിടിച്ചു കിടന്നിരുന്നു. ജനമെല്ലാം വളഞ്ഞ വഴിയേ സഞ്ചരിച്ചുകൊണ്ടിരുന്നു. ദബോരയെന്ന പ്രവാചകി മാത്രം നായികയായിട്ടുണ്ട്. ബാരാക്ക് ഭയവിഹ്വലനാണ്.



**കനാന്യ സേനാനായകൻ സിസെര രഥമുപേക്ഷിച്ച് ഊടു വഴികളിലൂടെ കാൽ നടയായി സഞ്ചരിച്ച് യായേലിന്റെ കൂടാരത്തിലെത്തി. അവൻ തണ്ണീർ ചോദിച്ചു ക്ഷീരം അവൾ കൊടുത്തു. അവൾ അവന്റെ ചെന്നിയിൽ കൂടാരത്തിന്റെ കുറ്റി അടിച്ചിറക്കി അവനെ കൊന്നു കളഞ്ഞു. അങ്ങനെ യിസ്രായേലിന് ഒരു വൻ വിജയം ഉണ്ടായി.**

താൻ തനിയെ യുദ്ധത്തിന് പോകാൻ തയ്യാറല്ലായിരുന്നു. അതുകൊണ്ട് പ്രവാചകിയായ ദബോരയും കൂട്ടിനായി പോയി. ന്യായാധിപന്മാർ നാലാം അദ്ധ്യായത്തിൽ അവർ യുദ്ധത്തിനായി പോയതായി കാണുന്നു. അവർ ഹരോശെത്തിൽ കീശോൻ തോട്ടിനരികെ എത്തി. അപ്പോൾ ദബോര ബാരാക്കിനോട് 'പുറപ്പെട്ടു ചെല്ലുക... യഹോവ നിനക്ക് മുമ്പായി പുറപ്പെട്ടിരിക്കുന്നു.' 4:10-14. ആരാണ് അവർക്ക് വേണ്ടി യുദ്ധം ചെയ്തതെന്ന് ന്യായാധിപന്മാർ 5: 20 -ൽ കാണുന്നു. 'ആകാശത്തു നിന്ന് നക്ഷത്രങ്ങൾ പൊരുതു; അവ സിസെരയുമായി സ്വഗതികളിൽ പൊരുതു.' ഇവിടെ സിസെരയുമായി പൊരുതിയത് ബാരാക്കല്ല, മറിച്ച് നക്ഷത്രങ്ങൾ അഥവാ ദൂതന്മാരാണെന്ന് വ്യക്തമാണ്.

ഈ പശ്ചാത്തലത്തിൽ നമുക്ക് മനസ്സിലാകുന്നത് അന്ന് ദൈവജനം കൈകളുയർത്തി അത്യുഗ്രമായി ദൈവത്തെ സ്തുതിച്ച് നൃത്തം ചെയ്തപ്പോൾ യഹോവയായ ദൈവം ഒരു വീരനെപ്പോലെ എഴുന്നേറ്റു; ഒരു യോദ്ധാവിനെപ്പോലെ തീക്ഷ്ണത ജ്വലിപ്പിച്ചു; അവൻ ആർത്തു അഥവാ ആജ്ഞ പുറപ്പെടുവിച്ചു. ദൂതന്മാർ ആകാശമണ്ഡലത്തിൽ നിന്ന് താഴേക്കിറങ്ങി, സിസെരയുടെ തൊള്ളായിരം ഇരുമ്പ് രഥങ്ങളിൽ കെട്ടിയിരുന്ന സകല കുതിരകളുടേയും കുളമ്പ് അറുത്തു കളഞ്ഞു. ഒരു കുതിരയും ചലിച്ചില്ല. ഒരു രഥവും ഉരുണ്ടില്ല. അതുകൊണ്ട് കനാന്യ സേനാനായകൻ സിസെര രഥമുപേക്ഷിച്ച് ഊടു വഴികളിലൂടെ കാൽ നടയായി സഞ്ചരിച്ച് യായേലിന്റെ കൂടാരത്തിലെത്തി. അവൻ തണ്ണീർ ചോദിച്ചു ക്ഷീരം അവൾ കൊടുത്തു. അവൾ അവന്റെ ചെന്നിയിൽ കൂടാരത്തിന്റെ കുറ്റി അടിച്ചിറക്കി അവനെ കൊന്നു കളഞ്ഞു. അങ്ങനെ യിസ്രായേലിന് ഒരു വൻ വിജയം ഉണ്ടായി.

രണ്ടാമത്തേത് യഹോശാഫാത്ത് രാജാവിന്റെ കാലത്താണ് സംഭവിച്ചത്. (2 ദിനവൃത്താന്തം 20). അന്ന് അമോന്യർ മോബാവ്യർ മെയ്യൂര്യർ എന്നീ മൂന്ന് സംഘടിത ശക്തികൾ യിസ്രായേലിനെതിരെ എഴുന്നേറ്റു. യഹോശാഫാത്ത് രാജാവ് സൈന്യത്തെ ഒരുക്കാതെ ഒരു ഉപവാസം പ്രസിദ്ധം ചെയ്തു. തുടർന്ന് സൈന്യത്തിന്റെ മുമ്പിൽ വിശുദ്ധ വസ്ത്രാലങ്കാരം ധരിച്ച് 'അവൻ നല്ലവനല്ലോ അവന്റെ ദയ എന്നേക്കുമുള്ളതെന്ന് പാടിക്കൊണ്ട് ദൈവത്തെ സ്തുതിച്ചപ്പോൾ (20:21) ദൈവ പതിയിരുപ്പുകാരെ (നിശ്ചയമായും ദൂതന്മാർ) അയച്ച് ശത്രുക്കളെ പരാജയപ്പെടുത്തി ഒരു വൻവിജയം യിസ്രായേലന് നൽകി. (20:22). പരിയിരുപ്പുകാർ എന്നതിന് ഇംഗ്ലീഷിൽ 'മായൗവെ'എന്നാണ്. പ്രത്യേകമായി ട്രെയിൻ ചെയ്യപ്പെട്ട ഒരു ദൂത സംഘമാണിത്.

നോക്കുക!! അന്ന് അക്ഷരീക യിസ്രായേൽ അക്ഷരീക യുദ്ധത്തിൽ അക്ഷരീക ശത്രുവിന്റെ മുമ്പിൽ അക്ഷരീകമായി പാടി സ്തുതിച്ചപ്പോൾ അക്ഷരീക ശത്രുവിന്മേൽ അക്ഷരീകമായി അത്ഭുത വിജയം ദൈവം അവർക്ക് നൽകിയെങ്കിൽ; ആത്മീയ യിസ്രായേലായ നാം ആത്മീയ പോർക്കളത്തിൽ ആത്മീക അന്ധകാര ശക്തികളോട് ആത്മീകമായി അടരാടുമ്പോൾ നാം ആത്മാവിൽ നിറഞ്ഞ് ശക്തിയോടെ ദൈവത്തെ സ്തുതിച്ചാൽ നമ്മുടെ ആത്മീക ശത്രുവിന്മേൽ എത്രയധികം ജയം നൽകുമെന്നതിൽ രണ്ടു പക്ഷമില്ല.

അതേ! സ്തുതിയുടേയും ആരാധനയുടേയും മുമ്പിൽ ശത്രുവിന് നിൽക്കാൻ കഴികയില്ല. ദൈവജനത്തിനെതിരെ യെരീഹോ കോട്ട കൊട്ടിയടച്ചാൽ ആത്മാവിൽ ആർപ്പിടുന്ന ജനത്തിന്റെ മുമ്പിൽ അത് തകർന്ന് തരിപ്പണമാകും. സ്തുതിയുടേയും ആരാധനയുടേയും നടുവിൽ കാരാഗ്രഹത്തിന്റെ അടിസ്ഥാനങ്ങൾ ഇളകും. ഇരുമ്പ് ചങ്ങലകൾ അഴിഞ്ഞു മാറും. അടഞ്ഞ വാതിലുകളൊക്കെയും തുറക്കപ്പെടും. ആകയാൽ ദൈവജനമേ! ആത്മാവിൽ ദൈവത്തെ സ്തുതിച്ചാരാധിക്കാം! യഹോവ ഒരു യുദ്ധവീരനെപ്പേലെ എഴുന്നേൽക്കട്ടെ! സകല അന്ധകാര ശക്തികളും കാൽക്കീഴാകട്ടെ!



# ആകയാൽ ദൈവം അവരുടെ ദൈവം എന്ന് വിളിക്കപ്പെടുവാൻ ലജ്ജിക്കുന്നില്ല എബ്രാ: 11:16



പാസ്റ്റർ. സുവി.ജോബി വി.മാത്യു

**പൂ**ർവ്വപിതാക്കൻമാർക്ക് നല്ല സാക്ഷ്യം ലഭിക്കുവാൻ കാരണം ദൈവത്തിലുള്ള ആഴമേറിയ വിശ്വാസമാണ്. കാണുന്ന താൽകാലിക കാര്യങ്ങൾക്ക് വേണ്ടിയല്ല മറിച്ച് കാണാത്ത കാര്യങ്ങൾ ആശിച്ച് വിശ്വസിച്ചവരായിരുന്നു പൂർവ്വപിതാക്കൻമാർ. ഈ നശ്വര ലോകത്തിൽ താൽകാലിക നേട്ടങ്ങൾക്ക് വേണ്ടി മോഹിച്ച്, മോഹത്താൽ പാപത്തെ പ്രസവിച്ച് ദൈവത്തിൽ നിന്ന് അകന്നു പോകുന്ന വലിയ ഒരു കൂട്ടം ജനം വിശ്വാസ സമൂഹത്തിൽ ഉണ്ടെന്നുള്ളത് തർക്കരഹിതമായ വസ്തുതയാണ്. നിർവ്യാജ വിശ്വാസത്തിൽ ഭൗതിക നേട്ടങ്ങൾക്ക് സ്ഥാനമില്ല. എന്നു മാത്രമല്ല ദൈവത്തെ പ്രസാദിപ്പിച്ച് നല്ല സാക്ഷ്യത്തിന് ഉടമകൾ ആകുക എന്നുള്ളത് ഒരോ വിശ്വാസിയുടെയും ആവശ്യമാണ്.

ദൈവത്തിൽ നിന്ന് നല്ല സാക്ഷ്യം പ്രാപിച്ചവരുടെ കാലഘട്ടത്തിൽ ദൈവം വിശ്വാസ വീരൻമാരുടെ ദൈവം എന്ന് വിളിക്കപ്പെടുവാൻ അഭിമാനിച്ചിരുന്നു. പഴയനിയമത്തിൽ പിതാക്കൻമാരുടെ സത്യദൈവത്തെ കൂടാതെ ജാതികൾക്ക് അവരവരുടെ ദൈവങ്ങൾ ഉണ്ടായിരുന്നു. ഉദാ: കനന്യദേവൻ, ഫലിസ്ത്യ ദേവൻ ഇങ്ങനെ ദേശങ്ങളുടെ പേരിലാണ് ജാതിയദൈവങ്ങൾ അറിയപ്പെട്ടിരുന്നത്. എന്നാൽ തിരുവെഴുത്ത് വെളിപ്പെടുത്തുന്ന സത്യദൈവം വ്യക്തികളുടെ ദൈവമെന്നാണ് വിളിക്കപ്പെട്ടിരുന്നത്. അതുകൊണ്ടാണ് തന്റെ ജനമായ യിസ്രായേലിനെ വിടുവിക്കുവാൻ മോശയുടെ മുമ്പിൽ പ്രത്യക്ഷപ്പെടുമ്പോൾ ഞാൻ അബ്രഹാമിന്റെയും യിസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമായി നിന്റെ പിതാവിന്റെ ദൈവമെന്ന് വെളിപ്പെടുത്തുന്നത്.

നമ്മുടെ ദൈവം നമ്മളോട് വ്യക്തിപരമായ ബന്ധം ഉള്ള ദൈവമാണ്.  അങ്ങനെ ദൈവവുമായി നല്ല ബന്ധമുണ്ടാക്കി പിതാക്കൻമാരെ പോലെ നല്ല സാക്ഷം പ്രാപികുവാൻ ശ്രമിക്കാം.

എന്തുകൊണ്ടാണ് ദൈവം അബ്രാഹാമിന്റെയും യിസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമായി, പിതാക്കൻമാരുടെ ദൈവമെന്ന് വിളിക്കപ്പെടുവാൻ അഭിമാനിച്ചിരുന്നത്. അവർ വിശ്വാസത്താൽ സാക്ഷ്യം പ്രാപിച്ചവരും, ദൈവത്തെ പ്രസാദിപ്പിച്ചവരും വിശ്വാസത്തിൽ മരിച്ചവരും ആയിരുന്നു.

**1. വിശ്വാസത്തിന്റെ അനുസരണം എബ്രാ: 11:8**

ദൈവവിളി കേട്ട് അനുസരിക്കുക എന്നുള്ളത് വിശ്വാസത്തിന്റെ അതിപ്രധാനമായ കാര്യമാണ്. വിശ്വാസത്തിന്റെ അനുസരണം പ്രവർത്തിയാൽ വെളിപ്പെടുത്തണം. എങ്കിൽ മാത്രമേ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയൂ. ജീവനുള്ള വിശ്വാസം എപ്പോഴും ചലനാത്മകമാണ്. അനുസരണകേട് ദൈവകോപം വരുത്തിവയ്ക്കും.

**2. വിശ്വാസത്താൽ കാത്തിരുന്നു. എബ്രാ :11:9**

വേഗതയും തിരക്കക്കുമേറിയ ഈ യുഗത്തിൽ കാത്തിരിപ്പ് വളരെ പ്രയാസകരമായ കാര്യമാണ്. പക്ഷെ വിശ്വാസ വിരൻമാരൊക്കെ ദൈവീക വാഗ്ദത്തിന് വേണ്ടി കാത്തിരുന്നു. അവരുടെ കാത്തിരിപ്പ് ദൈവനിർമ്മിത നഗരത്തിന് വേണ്ടിയായിരുന്നു. ഈ ലോകത്തിലെ ഭൗതിക നേട്ടങ്ങൾക്ക് വേണ്ടിയായിരുന്നില്ല.

**3. വിശ്വാസത്താൽ വാഗ്ദത്തങ്ങളെ അഭിവന്ദിച്ചു. എബ്രാ: 11:13**

വാഗ്ദത്തങ്ങൾ നിറവേറ്റുവാൻ ദൈവം കാലങ്ങളെ നിർണ്ണയിക്കാറുണ്ട്. പക്ഷെ വാഗ്ദത്ത് നിറവേറ്റുവാൻ ദൈവം താമസിക്കുന്നില്ല. വാഗ്ദത്തം ചെയ്തവൻ വിശ്വസ്തൻ. വാഗ്ദത്തങ്ങളെ തങ്ങളുടെ ജീവിത കാലത്ത് നിറവേറപ്പെട്ടില്ല എങ്കിലും വിശ്വാസത്താൽ ദൂരത്ത് നിന്ന് കണ്ട് അഭിവന്ദിക്കുക എന്നത് എത്ര ശ്രേഷ്ഠമേറിയ കാര്യമാണ്.

**4. വിശ്വാസത്താൽ ഏറ്റുപറഞ്ഞു. എബ്രാ:11:13**

വിശ്വാസ ജീവിതം നയിക്കുന്നവരുടെ പ്രത്യേക ഗുണമാണ് ഈ ഭൂമിയിൽ തങ്ങൾ അന്യരും പരദേശികളും എന്നു ഏറ്റുപറഞ്ഞു ജീവിക്കുക എന്നത്. എന്നാൽ ഇന്ന് ഈ ഭൂമിയിൽ ജീവിക്കുവാനുള്ള വ്യഗ്രതകൊണ്ട് സ്വർഗ്ഗീയമായതിനെ തിരസ്കരിക്കുന്ന പ്രവണതയാണ് ഉള്ളത്.

**5. വിശ്വസത്താൽ സ്വർഗീയമായതിനെ കാംക്ഷിച്ചു. എബ്രാ:11:15**

ലോകത്തിലെ താൽകാലിക സുഖത്തിന് വേണ്ടി ഓടി ജീവിതം നഷ്ട്ടപ്പെടുത്തുന്നവർ അനേകരാണ്. എന്നാൽ സ്വർഗ്ഗീയ നേടുവാനുള്ള ആശിച്ചവർ ആയതുകൊണ്ടാണ് ദൈവം പിതാക്കന്മാരുടെ ദൈവം എന്ന് വിളിക്കപ്പെടുവാൻ ലജ്ജിക്കാതിരുന്നത്.

ഈ നശ്വര ലോകത്തിൽ താൽകാലിക നേട്ടങ്ങൾക്കോ സുഖങ്ങൾക്കോ സ്ഥാനത്തിനോ ഉയർച്ചകൾക്കോ വേണ്ടി മാത്രം പ്രയത്നിച്ച് വിശ്വാസ ജീവിതം നയിക്കുവാൻ പ്രയാസമാണ്. ഈ ലോകത്തിലെ കാര്യങ്ങളെക്കാൾ ഉപരി അധികം നല്ലതിനെ സ്വർഗ്ഗീയമായതിനെ തന്നെ കാംക്ഷിക്കുന്നു എങ്കിൽ ഈ കാലഘട്ടത്തിൽ ദൈവം നമ്മുടെ ദൈവം എന്ന് അറിയപ്പെടുവാൻ അഭിമാനിക്കുന്നത്. നമ്മുടെ പൌരത്വം സ്വർഗ്ഗത്തിലാണ്. ഭൂമിയിൽ ഉള്ളതല്ല ഉയരത്തിലുള്ളത് തന്നെ ചിന്തിക്കണം. പൂർവ്വ പിതാക്കൻമാരെ പോലെ തന്നെ സ്വർഗ്ഗീയമായതിനു വേണ്ടി വിശ്വാസ ജീവിതം നയിക്കുമ്പോൾ വിശ്വാസത്തിന്റെ നായകൻ നമ്മിൽ അത് പൂർത്തി വരുത്തുന്നത്. ഇങ്ങനെ ഉള്ളവർക്ക് വേണ്ടി ദൈവം ഒരു നഗരം ഒരുക്കിട്ടുണ്ട്. അകയാൽ നാം അവന്റെ നിന്ദ ചുമന്ന് കൊണ്ട് പാളയത്തിന് പുറത്ത് അവന്റെ അടുക്കൽ ചെല്ലുക. ഇവിടെ നമുക്ക് നിലനിൽക്കുന്ന നഗരം ഇല്ലല്ലോ. .?



Vinisha Vinoy

Tears sting my eyes as I think about what happened this morning; but it had gone way out of limit today. Dad had screamed at me in front of a whole crowd just for applying a bit of gloss. He had never done it and now when he had, it hurt bad. No , it wasn't him scolding for using that gloss that had hurt me this bad , it was the constant lifestyle changes that were irking me. Yes , you guessed right - I am a Pastor's daughter. A million questions were running a marathon in my head. The most prominent one being - "Why couldn't I be like them?" And now, when I write "them", no, I'm not referring to the world, no, I'm not talking about the peers; I'm talking about the present Pentecostal generation.

The present 21st century with its advanced technology and vast development works toward giving us an easy lifestyle but has the biggest loophole where we forget our roots. At a time where following trends is equal to worshipping God and being a social bee is equal to Queen Elizabeth ; it is from my own experience I write , being A PK is far difficult than we give it credit for. From the way you dress, the words you speak, to, who your peers are and what place you visit; you, my dear, are always under the radar. The frustration of being constantly judged and chained with the the rules that others don't have has led a significant amount of our generation to walk in the opposite direction to what they have been otherwise taught to.

I was having another one of my sleepless nights that day, and was as usual sitting with a notebook and pen, tears freely flowing thinking about the recent events. The pain was so heavy that it was hurting physically now. As my dam broke and a whimper escaped my lips, I felt someone speaking to me.



# Living the Calling - Being a PK

I started writing not really knowing what it was. I was like that sixth grade kid writing down what was being dictated by the teacher, in this case, it was the spirit of the Lord conveying a message.

The nation of Israel when led from bondage to a land promised to them generations ago, were led by a very humble and a dear friend of God, Moses. The ways in which God worked for them was completely exclusive and totally unique. This one was no different. It so happened that once as the Israelites fought a war, Aaron and Hur were asked to help Moses in keeping his hand risen towards the battlefield to make Israel win.

Dear PK reading this, the role in this play of life for you and me is somewhat similar. The mission field and the ministry bestowed upon you needs your support. Your father as he leads, needs you to keep his hands risen to ensure victory.

Paul suggests not eating meat if it causes your brother to fall in sin (as mentioned in 1 Corinthians). That's a lifestyle change mentioned keeping in mind the purpose, to not be a reason someone chose the path of eternal hell. Sometimes the changes we need to bring causes us troubles and conflicts our lifestyle we have grown accustomed to, sometimes it irritates me and puts me in a place where I snap hearing the mere mention of the word, "Don't".

When I write lifestyle changes , No , I don't promote the thinking PK's cannot have a luxurious lifestyle. Deutoronomy says Levites get their portion from the rest of the eleven tribes ; with which I understand (putting in very simple words) living a luxurious life isn't a sin , it depends on who your eleven tribes are. In the constant lifestyle changes and following the various rules , we often forget our calling.

We have all heard of the prominent saying - Revelation leads to Revival. That is not a mere sentence but has a deeper meaning usually hidden to the naked eyes. Merely knowing the Trinity as the one who your forefathers have been serving will never let you exactly know who the one you are serving is. Knowledge will provide you information , Revelation will provide you wisdom.

My dear friend , The revelation you need to get today is to know that your calling is different and unique. There are hundreds of people serving God sincerely than probably you and me , but think , Why did God chose you ? Was it your ededucational qualification ? Was it your talent ? Paul very beautifully writes a reply to these questions - HE found YOU and ME faithful to have us bestowed with this ministry.

It is the crying need of the hour for you to understand - It is an honor to have people look upto you. It is a privilege to have been the chosen vessel. As someone rightly said, it's always mind over matter. It's what you chose to be - Either to live the calling and work for eternal crows or live your life your way savoring temporary pleasures. Many are called but few are chosen.

I want to encourage you today , Live the Calling with an understanding of the purpose behind it.

Be a blessing , Be a support , Change the thinking , Lead the kingdom - You are a PK !



# ആത്മീയ ഗോളത്തിലെ ഒളിപ്പോരുകൾ



സിസ്റ്റർ ജിൻസി സുനിൽ

ലോകം അതിവേഗം കുതിച്ചു കൊണ്ടിരിക്കുകയാണ്. മനുഷ്യൻ തിരക്കുകളിൽ നിന്നും തിരക്കുകളിലേക്ക് കൂപ്പു കുത്തിക്കൊണ്ടിരിക്കുന്നു. ഈ തിരക്ക് മനുഷ്യന്റെ ജീവിതത്തെ തന്നെ ആകപ്പാടെ മാറ്റികളഞ്ഞിരിക്കുന്നു എന്നു പറയുന്നതിൽ തെല്ലും അതിശയോക്തിയില്ല. ഇന്നത്തെ ചുറ്റുപാടിൽ എവിടെയും കാണാൻ കഴിയുന്ന വില്ല, ഫ്ളാറ്റ് സംസ്കാരം മുതൽ എന്തിന് മനുഷ്യന്റെ ഭക്ഷണരീതിയിൽ പോലും ഉണ്ടായിരുന്ന മാറ്റം വിസ്മയിപ്പിക്കുന്നതാണ്.

പണ്ടൊക്കെ, എന്നുപറഞ്ഞാൽ ഏകദേശം 10 വർഷമെങ്കിലും മുൻപുവരെ മനുഷ്യർക്ക് തമ്മിൽ തമ്മിൽ സംസാരിക്കുവാനും, ഒരുമിച്ചു വീട്ടിൽ പാകം ചെയ്ത ആഹാരം രുചിച്ച് കഴിക്കുവാനെല്ലാം സാധിച്ചിരുന്നു. എന്നാൽ മാറി വന്ന ജീവിതത്തിൽ ഇതെല്ലാം വെറും കാലഹരണപ്പെട്ട കാഴ്ചകളാണ്. ഇന്ന് നാം ചുറ്റും ഒന്ന് കണ്ണോടിച്ചാൽ രണ്ട് വ്യക്തികൾ എവിടെയെങ്കിലും നിന്ന് അല്പം നേരം സംസാരിക്കുന്നുണ്ടെങ്കിൽ, 2 പേരുടെയും മുഖം touch phone ന്റെ സ്ക്രീനിലേക്ക് കുനിഞ്ഞിരിക്കുന്നതായി കാണാം. സംസാരത്തിനിടയിലും അവരുടെ കൈവിരലുകൾ ഫോൺ സ്ക്രീനിൽ തെന്നി മാറുന്നു. കണ്ണും കാതും ചിന്തയും എല്ലാം ഫോണിൽ തന്നെയാണ്. ഇടക്കെങ്ങനെയോ സംസാരത്തിൽ വന്നു പോകുന്നു എന്നുമാത്രം. ആരേയും കുറ്റപ്പെടുത്താൽ സാധിക്കില്ല ആധുനിക ലോകത്തിന്റെ നേർക്കാഴ്ചകളാണിതെല്ലാം അറിവും സൗകര്യങ്ങളും വളരെയധികം വർദ്ധിച്ചിരിക്കുന്നു സത്യം. എന്നാൽ അതോടൊപ്പം നമുക്ക് നഷ്ടമായിരിക്കുന്ന അഥവാ നഷ്ടമായിക്കൊണ്ടിരിക്കുന്ന ചില അമൂല്യമായ മൂല്യങ്ങളും, ഗുണങ്ങളും ഉണ്ടെന്നത് നാം വിസ്മരിച്ചുകൂടാ.

അറിവിന്റെയും സൗകര്യങ്ങളുടെയും നെറുകയിൽ എത്തിനിൽക്കുമ്പോഴും മനുഷ്യന് മനുഷ്യനെ തിരിച്ചറിയാൻ കഴിയാതെ പോകുന്നു എന്നുള്ളത് ദുഃഖകരമായ ഒരു സത്യമാണ്. ഇത്രയും അറിവും സൗകര്യങ്ങളുമില്ലാതിരുന്ന കാലത്ത് മനുഷ്യരിൽ നന്മയും സ്നേഹവും ധാരാളമായുണ്ടാരിക്കും. ഒരുവന്റെ ദുഃഖങ്ങളും വേദനകളും പങ്കുവെയ്ക്കപ്പെടുമായിരുന്നു. അതുകൊണ്ട് തന്നെ സ്വന്തം ദുഃഖങ്ങൾ എടുത്താൽ പൊങ്ങാത്ത വിഴുപ്പു ഭാണ്ഡമായി ചുമന്നു നടക്കേണ്ടിയിരുന്നില്ല. പങ്കുവയ്ക്കൽ നല്കുന്ന സന്തോഷം അന്നത്തെ മനുഷ്യനെ നന്മയുള്ളവനാക്കി തീർത്തിരുന്നു. ഇന്ന് അതെല്ലാം പാടേ മാറി സ്വാർത്ഥത മനുഷ്യന്റെ മുഖമുദ്രയായി മാറിയിരിക്കുന്നു. "ഒച്ച്" എന്ന ചെറു ജീവി സ്വന്തം ഷെല്ലിലേക്ക് തല വലിച്ചു കളയുന്നതുപോലെ "ഞാൻ എന്റെ" എന്ന ലോകത്തിലേക്ക് മനുഷ്യൻ ചുരുങ്ങിപ്പോകുന്നു. മറ്റുള്ളവന്റെ കാര്യം ഞാനെന്തിനറിയണം എന്ന ചിന്ത മനുഷ്യനെ ഭരിക്കുന്നു. അതുകൊണ്ട് തന്നെ മറ്റുള്ളവനെ ഉള്ളതുപോലെ മനസ്സിലാക്കുവാൻ മനുഷ്യന് കഴിയാതെ പോകുന്നു. മറ്റൊരുത്തന്റെ വിഷമങ്ങളും ദുഃഖങ്ങളും പരസ്പര ബഹുമാനവുമെല്ലാം ആധുനിക മനുഷ്യനിൽ നിന്നും ചോർന്നു പോയിരിക്കുന്നു.

"ആത്മീയ ഗോളത്തിലെ ഒളിപ്പോരുകൾ" എന്ന തലക്കെട്ടിന് ഇത്രയും കാര്യങ്ങൾ എന്തിനാണ് മേൽ പറഞ്ഞത് എന്ന് ഒരു പക്ഷേ വായനക്കാരൻ ചിന്തിക്കുന്നുണ്ടാവും. ആധുനിക ലോകത്തിലെ ഒരു സാധാ മനുഷ്യനിൽ മാത്രമല്ല ആത്മീയർ എന്നഭിമാനിക്കുന്ന ചില വിശ്വാസികളിൽ പോലും ഇത്തരം മൂല്യശോഷണങ്ങൾ നേർക്കാഴ്ചകളായി പരിണമിച്ചു കൊണ്ടിരിക്കുന്നു എന്നുള്ളത് ഞെട്ടിക്കുന്ന വസ്തുതയാണ്.

ലോക മനുഷ്യനെ വേദപുസ്തകം വിളിക്കുന്നത് "പ്രാകൃതമനുഷ്യൻ" എന്നാണ്. അവൻ പ്രാകൃതൻ ആണെന്നെങ്കിലും കരുതി നമുക്ക് സമാധാനിക്കാം. എന്നാൽ ആത്മീയർ എന്നു വിളിക്കുന്നവരിലും ഇന്നു തന്നെയാണ് അവസ്ഥയെങ്കിൽ എന്തു ചെയ്യും. "കുറുന്തോട്ടിക്കും വാതം" എന്ന പഴമൊഴി ഞാനിവിടെ ഓർത്തുപോകയാണ്. ഒരു കാലത്ത് "പെന്തക്കോസ്തുകാർ" എന്നു കേട്ടാൽ സമൂഹത്തിനത് അറപ്പായിരുന്നു. ഒത്തിരി ഒറ്റപ്പെടുത്തലുകളും കുത്തു വാക്കുകളും നിന്ദയും, പട്ടിണിയും ഇല്ലായ്മയുമെല്ലാം നമ്മുടെ പിതാക്കന്മാർ നേരിട്ടിരുന്നു. എന്നാൽ ക്രിസ്തുവിന്റെ സ്നേഹത്തിൽ അവർ അതെല്ലാം സന്തോഷത്തോടെ സഹിക്കയും ക്ഷമിക്കുകയും ചെയ്തിരുന്നു. അത് കൊണ്ട് തന്നെ അവർ ആത്മാവിൽ എരിവുള്ളവരായിരുന്നു. ഒറ്റപ്പെടുത്തലുകൾ അവരിൽ ഐക്യതയും ദൈവസ്നേഹവും വർദ്ധിച്ചു. കഷ്ടപ്പാടിന്റെ വേദനകളുടെയും നടുവിലും അവർ ക്രിസ്തുവിന്റെ പാത്രങ്ങളായി നിലകൊണ്ടിരിന്നു. "മറ്റുള്ളവനെ തന്നേക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണുവാൻ" പറ

ശേഷം പേജ് 22ൽ



# ഈ പക്ഷങ്ങളറ്റു വീഴ്ത്താൻ നിൻ കരങ്ങളുയരാതിരിക്കട്ടെ



സജി മത്തായി കാതേട്ട്

*'നിന്റെ മൊഴികളിൽ വിഷമിക്കുന്ന*
*അക്ഷരങ്ങൾ ഒളിപ്പിക്കാതിരിക്കട്ടെ.*
*നീ അണിയുന്ന നിറങ്ങളെ*
*വർഗ്ഗവർണ്ണ കറകൾ ദുഷിപ്പിക്കാതിരിക്കട്ടെ*
*നിന്റെ അതിർ വരമ്പുകൾ*
*ഉള്ളിലെ നേരിന്റെ കൊലക്കളമാകാതിരിക്കട്ടെ.*
*അന്യന്റെ പ്രാണനെ നീറ്റുന്ന അഗ്നിക്കാറ്റ്*
*നിന്റെ മന്ദിരങ്ങളിൽ നിന്നു വീശാതിരിക്കട്ടെ*
*ഈ പക്ഷങ്ങളറ്റുവീഴ്ത്താൻ*
*നിന്റെ കരങ്ങളുയരാതിരിക്കട്ടെ...'*

ചെറുപ്പകാലത്ത് മനസിലലിഞ്ഞ ഒരു കവിതയുടെ ചില വരികളാണിവ.

ഈ വരികൾ ആരുടെതാണന്നറിയില്ല.

ഈ വാക്കുകൾ കുറിക്കുമ്പോൾ ഭാരതത്തിന്റെ മുഖത്ത് അസഹിഷ്ണുതയുടെ കരി ഓയിൽ പടരുകയാണ്. രാജ്യത്തിന്റെ മതേതര മന:സാക്ഷിക്കുമേൽ ആഴത്തിൽ മുറിവേല്പിച്ച് വീണ്ടും അസഹിഷ്ണുതയുടെ വിളയാട്ടം.

ഈയടുത്ത കാലത്തായി അസഹിഷ്ണുതയെന്ന പദം പോലും പൂജിക്കപ്പെടുകയാണ്.

അസഹിഷ്ണുതയോടെ സമൂഹത്തിൽ അഴിഞ്ഞാട്ടം നടത്തുന്നവർ പോലും ആദരിക്കപ്പെടുകയാണ്.

'അന്യരുടെ വിശ്വാസങ്ങളും ചര്യകളും ശീലങ്ങളും അവ സ്വീകരിക്കുകയോ അതിൽ പങ്കാളിയാവുകയോ ചെയ്യാതെ തന്നെ ഗ്രഹിക്കാനുള്ള നിയതവും ഹൃദയംഗവുമായ യത്നമാണ് സഹിഷ്ണുത' ചിന്തകനായ ജോഷ ലീബ്മാന്റെ വാക്കുകളാണിവ.

മറ്റുള്ളവരെയും മറ്റുള്ളവരുടെയും സ്വീകരിക്കാനുള്ള മന:സ്ഥിതിയില്ലാതാവുന്നിടത്താണ് അസഹിഷ്ണുത തലപൊക്കുന്നത്.

അവിടെയാണ് ഒരു കൂട്ടർ വന്ന് ആരാധിക്കുന്നവരെ ആരാധനാലയത്തിൽ നിന്നും ഇറക്കി വിടുന്നത്.

അസഹിഷ്ണുണുതയില്ലാത്തിടത്താണ് ഒരു ട്രാക്റ്റ് കൊടുത്തതിന്റെ പേരിൽ ക്രോധമുണ്ടാവുന്നത്.

ഒരാളുടെ സ്വാതന്ത്ര്യത്തെ ഘനിക്കാതെ അയാളുടെ സ്വാതന്ത്യത്തെ ബഹുമാനിക്കപ്പെടുമ്പോഴാണ് അവിടെ സഹിഷ്ണുത ഉളവാകുന്നത്.

എഴുതുന്നതിൽ കഴിക്കുന്നതിൽ പ്രസംഗിക്കുന്നതിൽ വസ്ത്രം ധരിക്കുന്നതിൽ ആരാധിക്കുന്നതിൽ അസഹിഷ്ണുത പ്രകടിപ്പിക്കുന്നിടത്തെവിടെയാണ് ശാന്തിയുണ്ടാവുന്നത്?.

ഒരു മഴവിൽ സമൂഹമായിരുന്നു നമ്മുടേത്.

തിരസ്ക്കരിച്ചും തമസ്ക്കരിച്ചുമല്ല, സ്നേനേഹം കൊണ്ടും കൊടുത്തുമാണ് നാളിതുവരെ നാം പുലർന്നിട്ടുള്ളത്.

വിവിധയിനങ്ങൾ ചേർന്ന് സ്വാദിഷ്ടമായ സാലഡ് രൂപപ്പെടുന്നതു പോലെ വിവിധ സാമൂഹിക വിഭാഗങ്ങൾ സഹകരിച്ചും തിരുത്തിയും ഇവിടെ നിലനിന്നു.

പക്ഷെ, ഇന്ന് നമ്മുടെ രാജ്യം ഇനം തിരിക്കലുകളുടെ നാടായി. കറുപ്പ്, വെളുപ്പ്, ചെറിയ ജാതി, വലിയ ജാതി, പാവപ്പെട്ടവൻ, പണക്കാരൻ, കുലം, മഹിമ തുടങ്ങിയവ ഇഴനാരു കീറി എണ്ണി തിട്ടപ്പെടുത്തി വർഗ്ഗവർണ്ണ ലേബൽ ഒട്ടിക്കുന്നു.

അസഹിഷ്ണുതയുടെ കറുത്ത ചരടിൽ ചോരയുടെ നിറം കറുപ്പായിത്തന്നെയിരിക്കുമെന്നവർ ചൊല്ലിക്കൊടുക്കുന്നു.

അസഹിഷ്ണുതയുടെ കറുത്ത കാഴ്ചകൾ അയൽപക്കക്കാരന്റെ ഇരുണ്ട അടുക്കളയിലെ കറി പാത്രത്തിൽ വരെ എത്തി നോക്കപ്പെടുന്നു.

അസഹിഷ്ണുതയുടെ അഗ്നി ആളിപ്പടർത്താൻ ഉപയോഗിക്കപ്പെടുന്ന മണ്ണെണ്ണയാണ് മതവും വർഗ്ഗവും.

അപരന്റെ മതവും വർഗ്ഗവും അന്യന്റെ മതവും വർഗ്ഗവുമായി ഒത്തുചേരാൻ എളുപ്പമല്ലെന്ന് ആർക്കാണ് അറിഞ്ഞു കൂടാത്തത്.

ഈ ഒത്തു ചേർച്ചയില്ലാത്തിടത്താണ് ഭാരതീയർ സ്നേഹത്തിന്റെ ഒരുമയുടെ സഹിഷ്ണുത നിലനിർത്തി

ഭാരതീയ സംസ്കാരം എന്ന പേരിൽ അയ്യായിരം വർഷമായി യശ:സുയർത്തി നില്ക്കുന്നത്.

ഏതു സാഹചര്യത്തിലും മാനവീകതയും ബഹുസ്വരതയും നില നിന്നേ മതിയാവൂയെന്നാണ് നമ്മുടെ പുതിയ രാഷ്ട്രപതി കഴിഞ്ഞ ദിവസം അസഹിഷ്ണുത പ്രകടിപ്പിക്കുന്നവരോട് അഹ്വാനം ചെയ്തത്.

'വ്യക്തിയുടെ മന:ശാസ്ത്രമാണ് ഒരു രാഷ്ട്രത്തിന്റെ മന:ശാസ്ത്രത്തിൽ പ്രതിഫലിക്കുന്നത്.ഒരു രാഷ്ട്രം എന്തു ചെയ്യുമോ അതു തന്നെ ആ രാഷ്ട്രത്തിലെ വ്യക്തികളും ചെയ്യും.

അങ്ങനെ വ്യക്തികൾ ചെയ്യുന്നതും രാഷ്ട്രത്തിന്റെ മുഴുവൻ ചെയ്തിയായ് മാറുകയും ചെയ്യും. അതു കൊണ്ടു തന്നെ വ്യക്തിയുടെ മനോഭാവത്തിൽ വരുന്ന മാറ്റത്തിനു മാത്രമേ ഒരു രാഷ്ട്രത്തിന്റെ മന:ശാസ്ത്രത്തിൽ മാറ്റമുണ്ടാക്കാൻ കഴിയുകയുള്ളൂ'. കാലങ്ങൾക്ക് മുമ്പെ കാൾ യുങ്ങ് എന്ന വിഖ്യാത മനഃശാസ്ത്രജ്ഞൻ വിശദീകരിച്ചിട്ടുള്ള ഈ വാക്കുകൾ എത്രയോ ശരിയാവുകയാണിന്ന്.

അസഹിഷ്ണുത ആത്മീയതയിലുണ്ടാവുമ്പോഴാണ് ഏറെ അപകടം.

ഒരാളുടെ വളർച്ചയിൽ മറ്റൊരാൾക്ക് അസഹിഷ്ണുത തോന്നിയാൽ വളരുന്ന വ്യക്തിയെ ഏതു വിധേനയും തകർക്കാൻ മെനക്കെട്ടിറങ്ങുന്നത് നാമും കണ്ടിട്ടില്ലെ?

ആത്മീയൻ വളർന്നാൽ തികഞ്ഞ ആത്മീയനാവും; ഒരു ആത്മീയൻ അനാത്മീയനായാൽ ആ സമൂഹമാകെ അനാത്മീയത പടർത്തി അലങ്കോലമാക്കും.

പ്രസംഗിക്കുന്നതിന്റെ പേരിൽ സഹകരിക്കുന്നതിന്റെ പേരിൽ തന്നെക്കാൾ വിളങ്ങുന്ന വ്യക്തിയുടെ മുഖത്ത് കരി ഓയിൽ വാരിത്തേക്കാൻ ധൈര്യമാവശ്യമില്ല.മറിച്ച് അസഹിഷ്ണുതയുടെ ചലവും നീരും നിറഞ്ഞ് ദുർഗന്ധം വമിക്കുന്ന മനസു മാത്രം മതി.

പുറം ലോകം അശാന്തിയുടെ സായംസന്ധ്യയിൽ വടിയും കഠാരയും ബോംബും എടുക്കുമ്പോൾ മറ്റുള്ളവരിൽ സമൃദ്ധിയായ ജീവൻ പകരാൻ നിയുക്തരായ നാമെന്തിനു അസഹിഷ്ണുതയുടെ വാക്കുകളെഴുതാൻ അപവാക്കുകളുതിർക്കാൻ നിയോഗിക്കപ്പെടണം.

'നിന്റെ മൊഴികളിൽ വിഷമിക്കുന്ന
അക്ഷരങ്ങൾ ഒളിപ്പിക്കാതിരിക്കട്ടെ
നീ അണിയുന്ന നിറങ്ങളെ വർഗ്ഗവർണ്ണ കറകൾ ദുഷിപ്പിക്കാതിരിക്കട്ടെ.......'

# ആത്മീയ ഗോളത്തിലെ

**20-ാം പേജ് തുടർച്ച**

ഞ്ഞ അരുമനാഥന്റെ വാക്കുകൾ അവർ ജീവിതം കൊണ്ട് അനർത്ഥമാക്കി. മുണ്ട് മുറുക്കിയുടുത്ത് പ്രതികൂലങ്ങളോട് പോരാടി അവർ ദൈവരാജ്യത്തിന്റെ കെട്ടുപണിക്കാരായി നിലനിന്നു. എന്നാൽ ഇന്നോ! പിതാക്കന്മാരുടെ തലമുറയെ ദൈവം കണക്കില്ലാതെ അനുഗ്രഹച്ചു. സുഖസൗകര്യങ്ങൾ വർദ്ധിച്ചപ്പോൾ ഐക്യതയും ദൈവസ്നേഹവും നമ്മിൽ നിന്നും അപ്രത്യക്ഷമായി. മറ്റുള്ളവനെ ശ്രേഷ്ഠൻ എന്ന് എണ്ണുവാൻ പോയിട്ട് മര്യാദയുടെ അതിർ വരമ്പുകൾ ലംഘിക്കാതെ സംസാരിക്കാൻ പോലും മറന്നു പോകുന്ന അവസ്ഥ അടുക്കും ചിട്ടയോടും കാര്യങ്ങൾ ക്രമീകരിക്കുവാൻ രൂപപ്പെടുത്തുന്ന വേദികൾ പലതും കുറ്റപ്പെടുത്തലുകളുടെയും ഭീഷണികളുടെയും വേദികളായി മാറുന്നു. കസേരക്കും സ്ഥാനത്തിനും വേണ്ടി നടത്തുന്ന മാത്സരികമായ പോരാട്ടങ്ങൾ "ദൈവനാമത്തിൽ കൊടുക്കുന്നതി"നു പോലും മിലപേശലകളും കണക്കു പറച്ചിലുകളും. വേദനയോടെ പറയട്ടെ കാൽവറി കുരിശിൻ അവസാന തുള്ളി രക്തവും നമ്മുടെ മോചനത്തിനായി ഊറ്റിയ ആരുമനാഥന്റെ മുഖം. ഇതെല്ലാം എങ്ങനെ കാണുന്നുണ്ടാവും.

ഒരു വലിയ മാറ്റത്തിനായ് നമുക്ക് കരങ്ങൾ കോർക്കാം! ഇനി വരുന്ന തലമുറികളിലെങ്കിലും ദൈവസ്നേഹത്തിൽ ജ്വലിക്കുന്നു ഹൃദയങ്ങളെ നമുക്ക് പണിതെടുക്കാം. ഐക്യതയുടെ കരങ്ങൾ കോർത്തു പിടിക്കാം. "അവനോ വളരേണം ഞാനോ കുറയേണം" ഈ വാക്കുകൾ നമ്മുടെ ഹൃദയത്തിൽ നിന്നും മായാതിരിക്കട്ടെ.

# ചതിക്കുഴി

**8-ാം പേജ് തുടർച്ച**

ഹോമിക്കാൻ തയ്യാറാകുമ്പോൾ ആ വ്യക്തിയുടെ മനസ്സ് ഗെയിം മാസ്റ്ററിന് തിരിച്ചറിയാൻ സാധിക്കുകയും അവരുടെ വിവരങ്ങൾ ഭീകര സംഘടനകൾക്ക് കൈമാറി അവരെ ഈ സംഘടനകളിലേക്ക് സ്വാധീനിക്കുകയും ഭീകര പ്രവർത്തനങ്ങൾക്കും ഏത് ക്രൂര പ്രവർത്തികൾക്കും തയ്യാറുള്ളവരാണ് അവരെന്ന് മനസ്സിലാക്കി ഉപയോഗിക്കുകയും ചെയ്യും. ബ്ലൂവെയിൽ നിരോധിക്കപ്പെട്ടപ്പോൾ പിങ്ക് വെയിൽ എന്ന ഗയിമിന് തുടക്കം കുറിച്ചു.  ബ്ലൂവെയിൽ പ്രാരംഭത്തിൽത്തന്നെ ഭയനാകമാണ്. തെറ്റിലേക്കുള്ള യാത്രയാണെന്ന് മനസ്സിലാകും. എന്നാൽ ഇത് പിങ്ക് വെയിൽ സൽപ്രവർത്തി ചെയ്യാൻ പ്രേരണ നൽകുന്നതാണ്. കളിയുടെ ദൗത്യങ്ങൾ മറ്റുള്ളവർക്ക് ഉപകാരങ്ങൾ ചെയ്യുക എന്നുള്ളതാണ് ആദ്യത്തെ ചില ടാസ്ക്കുകൾ. എന്നാൽ കളി ഒടുവിൽ കാര്യമാകത്തവിധം സാഹസികമാകും. ഒടുക്കം ആത്മഹത്യതന്നെ ഫലം.

പല തലത്തിലുള്ള ഗെയിമുകൾ ഇന്ന് പ്രചാരത്തിലുണ്ട്. പല സ്ഥലങ്ങളിലിരുന്ന് അനേകർക്ക് ഒരുമിച്ച് ഒരു ഗെയിം ഒരു സമയത്ത് കളിക്കാൻ സാധിക്കുന്ന  ക്ലാഷ് ഓഫ് ക്ലാൻസ്  പോലുള്ള ഗെയിമുകൾ ഇന്ന് പല വിശ്വാസ കുടുംബങ്ങളിലുമുള്ള കുഞ്ഞുങ്ങൾപോലും ഇത്തിരത്തിലുള്ള ഗെയിമുകൾക്ക് അടിമകളായിക്കൊണ്ടിരിക്കുകയാണ്. ഇത് കാരണം പല കുടുംബങ്ങളിലും സ്വസ്ഥതയില്ല. കുഞ്ഞുങ്ങൾ മാതാപിതാക്കളെ അനുസരിക്കുന്നില്ല. പഠിക്കേണ്ടുന്ന, പ്രാർത്ഥിക്കേണ്ടുന്ന സമയങ്ങൾ ഇങ്ങനെയുള്ള പൈശാചികമായ കാര്യങ്ങൾക്ക് വേണ്ടി ചിലവിടുന്നു. മാതാപിതാക്കൾ പലതും അറിയുന്നില്ല, അവർ ഇങ്ങനെയുള്ള കാര്യങ്ങളിൽ അജ്ഞരാണ്, മാതാപിതാക്കളെ സ്വാധീനിച്ച് 4 ജി ഫോണുകൾ വാങ്ങി പഠനാവശ്യത്തിനെന്ന കാരണം പറഞ്ഞ് പഠന സമയം പോലും ഗെമയിമിന് വേണ്ടി ചിലവിടുന്ന കുഞ്ഞുങ്ങൾ അവരുടെ ജീവിതം തകർക്കുകയാണ്. അങ്ങനെ അവർ അവിഹിത ബന്ധങ്ങളിൽ അനാശാസ്യ പ്രവർത്തനങ്ങളിൽ അതിലുപരി അക്രമവാസയുള്ളവരായിത്തീരുന്നു. ആയതിനാൽ നമുക്ക് സൈബർ ലോകത്തിലെ ചതിക്കുഴികളെക്കുറിച്ചുള്ള ബോധവത്ക്കരണം കുട്ടികളുടെ ഇടയിലും മാതാപിതാക്കളുടെ ഇടയിലും നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

### ഐ.പി.സി. കേരളാ സ്റ്റേറ്റ്

# ശുശ്രൂഷകാ സമ്മേളനത്തിനു അനുഗ്രഹ സമാപ്തി

## പെന്തെക്കോസ്റ്റിന്റെ പൂർവ്വകാലത്തേക്കുള്ള മടങ്ങിവരവ് സഭാ വളർച്ചക്ക് അനിവാര്യം




**ഐ.പി.സി. കേരളാ സ്റ്റേറ്റ് ശുശ്രുഷകാ സമ്മേളനം പാസ്റ്റർ കെ.സി.തോമസ് ഉദ്ഘാടനം ചെയ്യുന്നു**

**നിലമ്പൂർ:** പിതാക്കന്മാർ ചെയ്തത് പോലെ പരിശുദ്ധാത്മാവോടു കൂടി പ്രവർത്തിക്കുകയും ജീവിത വിശുദ്ധി കാത്തു പരിപാലിക്കുകയും ചെയ്താൽ കേരളത്തിലെ സഭാ വളർച്ച ത്വരിതമാകുമെന്ന് പാസ്റ്റർ രവി മണി പ്രസ്താവിച്ചു.കേരളത്തിലെ പെന്തെക്കോസ്ത് സഭകളുടെ വളർച്ച ആഗോളതലത്തിൽ പഠന വിഷയമായിരുന്നു.

സുവിശേഷ പ്രവർത്തനത്തിന്റെ ശവപറമ്പ് എന്നറിയപ്പെടുന്ന കർണ്ണാടക ഇന്ന് വേഗം മാറി കൊണ്ടിരിക്കുന്നു. ഇതിനു സഹായകരമായത് കേരളത്തിലെ സഭാ വളർച്ചയുടെ മോഡലാണ്. ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭ കേരളാ സംസ്ഥാന ശുശ്രൂഷക സമ്മേളനത്തിനു സഭാ വളർച്ച എന്ന വിഷയത്തെ ആധാരമാക്കി ക്ലാസെടുക്കുകയായിരുന്നു പാസ്റ്റർ രവി മണി.

2017 നവംബർ 14 ,15 തിയതികളിൽ പാലുണ്ട ന്യൂ ഹോപ്പ് ബൈബിൾ കോളേജ് ഗ്രൗണ്ടിൽ നടന്ന സമ്മേളനം സംസ്ഥാന പ്രസിഡണ്ട് പാസ്റ്റർ കെ.സി.തോമസ് ഉദ്ഘാടനം ചെയ്തു.

മലബാർ മേഖലാ പ്രസിഡണ്ട് പാസ്റ്റർ ജോൺ ജോർജ് അദ്ധ്യക്ഷനായിരുന്നു.സഭാ വളർച്ച എന്ന ചിന്താവിഷയത്തെക്കുറിച്ച് സംസ്ഥാന സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലി വിഷയാവതരണം നടത്തി. പാസ്റ്റർമാരായ രാജു പൂവക്കാല, സി.സി.ഏബ്രഹാം, ജോയി താനുവേലിൽ, മാത്യു തോമസ്, കെ.സി ഉമ്മൻ, ബിജോയ് കുര്യാക്കോസ്, തുടങ്ങിയവർ വിവിധ വിഷയങ്ങളെക്കുറിച്ച് ക്ലാസെടുത്തു.

കൗൺസിൽ അംഗങ്ങളായ സജി മത്തായി കാതേട്ട്, വി.സി.മാത്യു, വി.എസ് ചാക്കോ, സാംകുട്ടി കോഴാ മല, ചാക്കോ ദേവസ്യ ,ജോർജ് തോമസ് വടക്കുഞ്ചേരി തുടങ്ങിയവർ വിവിധ സെഷനുകൾക്ക് നേതൃത്വം നല്കി. മലബാറിലെ 30 സെന്ററുകളിൽ നിന്നായി 420 ശുശ്രൂഷകന്മാർ പങ്കെടുത്തു.

# ഐ.പി.സി കേരള സ്റ്റേറ്റ് സോദരി സമാജം ത്രിദിന ക്യാമ്പിന് അനുഗ്രഹീത സമാപ്തി




**ക്യാമ്പിന്റെ സമാപന സന്ദേശം ഐ.പി.സി ജനറൽ സെക്രട്ടറി പാസ്റ്റർ കെ.സി. ജോൺ നൽകുന്നു**

**തിരുവനന്തപുരം:** ഐ.പി.സി കേരള സ്റ്റേറ്റ് സോദരി സമാജം ത്രിദിന ക്യാമ്പ് നവംബർ മാസം 26 മുതൽ 28 വരെ തിരുവനന്തപുരം നാലാഞ്ചിറ മാർ ഗ്രിഗോറിയോസ് റിന്യുവൽ സെന്ററിൽവെച്ച് നടത്തപ്പെട്ടു. 26-ാം തീയതി വൈകുന്നേരം ആരംഭിച്ച ക്യാമ്പ് ഐ.പി.സി കേരള സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസ് പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്തു. തുടർന്ന് എഴുത്തുകാരനും വേദ അധ്യാപകനുമായ പാസ്റ്റർ റെജി മൂലേടം വിഷയാസ്പദമായ ക്ലാസുകൾ എടുക്കുകയും ചെയ്തു. ക്യാമ്പിന്റെ വിവിധ സെക്ഷനുകളിൽ ഐ.പി.ജി ജനറൽ ജോ.സെക്രട്ടറി പാസ്റ്റർ തോമസ് ഫിലിപ്പ്, പാസ്റ്റർ പി.ജെ. ദാനിയേൽ, പാസ്റ്റർ വർഗീസ് ബേബി, ബ്രദർ എൽ.കെ.റോയി, സിസ്റ്റർ ലില്ലി റെജി, സിസ്റ്റർ ഒമേഗ സുനിൽ എന്നിവർ ക്ലാസുകളെടുത്തു. ക്യാമ്പിന്റെ സമാപന ദിവസ സന്ദേശം ഐ.പി.സി ജനറൽ സെക്രട്ടറി പാസ്റ്റർ കെ.സി. ജോൺ നിർവ്വഹിക്കുകയും ചെയ്തു. ക്യാമ്പിന്റെ വിവിധ സെക്ഷനുകളിൽ നാന്നൂറിലധികം സഹോദരിമാർ പങ്കെടുത്തു. അഞ്ഞൂറിലധികം സഹോദരിമാരെ ഉൾകൊള്ളിച്ച് സുവിശേഷ റാലിയും നടത്തപ്പെട്ടു. ഐ.പി.സി കേരള സ്റ്റേറ്റ് സോദരി സമാജം ഭാരവാഹികൾ വിവിധ സെക്ഷനുകളിൽ അധ്യക്ഷത വഹിച്ചു.

# ഐ.പി.സി.മലബാർ മേഖല കൺവൻഷനു സമാപ്തി



ഐ.പി.സി.മലബാർ മേഖലാ കൺവൻഷൻ മേഖലാ രക്ഷാധികാരി
പാസ്റ്റർ വി.ജെ.ജോർജ് ഉദ്ഘാടനം ചെയ്യുന്നു

**നിലമ്പൂർ:** ഇരുളിന്റെ ശക്തികൾക്കെതിരെ നമ്മുടെ മക്കളെ നന്മയിലേക്ക് നയിക്കാൻ വിശ്വാസികൾ ജാഗരൂഗരാകണമെന്ന ആഹ്വാനത്തോടെ ഐ..പി.സി മലബാർ മേഖല കൺവൻഷനു സമാപ്തി.

മലബാറിലെ എല്ലാ വിശ്വാസി കുടുംബങ്ങളിലും രാവിലേയും വൈകിട്ടും കുടുംബ പ്രാർത്ഥന നിർബന്ധമാക്കണമെന്നും ദൈവവചന പഠനത്തിന് കുടുംബങ്ങളിൽ പ്രാധാന്യം നല്കണമെന്നും കൺവൻഷൻ ആഹ്വാനം ചെയ്തു. പാലുണ്ട ന്യൂ ഹോപ്പ് ബൈബിൾ കോളേജ് ഗ്രൗണ്ടിൽ നടന്ന കൺവൻഷൻ നവംബർ 15ന് മേഖലാ രക്ഷാധികാരി പാസ്റ്റർ വി.ജെ ജോർജ് ഉദ്ഘാടനം ചെയ്തു. മേഖലാ പ്രസിഡണ്ട് പാസ്റ്റർ ജോൺ ജോർജ് അദ്ധ്യക്ഷനായിരുന്നു. പാസ്റ്റർമാരായ ഷിബു നെടുവേലിൽ, കെ.എം ജോർജ്, വിൽസൺ ജോസഫ്, രാജു പൂ വക്കാല, അനീഷ് കാവാലം, ശമുവേൽ ജോൺ, സ്റ്റാൻലി ഡാനിയേൽ, ഫിലിപ്പ് പി.തോമസ്, വർഗീസ് ഏബഹാം എന്നിവർ പ്രസംഗിച്ചു.

സോദരിമാരുടെ സമ്മേളനത്തിൽ പാസ്റ്റർ തോമസ് തോമസ് അദ്ധ്യക്ഷനായിരുന്നു. സിസ്റ്റർ സൂസൻ തോമസ് പ്രസംഗിച്ചു. സണ്ടേസ്ക്കൂൾ യുവജന സമ്മേളനത്തിൽ പി.വൈ.പി.എ മേഖല പ്രസിഡണ്ട് സാം കൊണ്ടാഴി അദ്ധ്യക്ഷനായിരുന്നു. പാസ്റ്റർ വി.പി.ഫിലിപ്പ് പ്രസംഗിച്ചു.

മേഖലാ സെക്രട്ടറി പാസ്റ്റർ ബിജോയ് കുര്യാക്കോസ്, പാസ്റ്റർമാരായ മാത്യു തോമസ്, കെ.സി. ഉമ്മൻ, സാം ഡാനിയേൽ, സന്തോഷ് മാത്യു, മോനി ചെന്നിത്തല എന്നിവർ വിവിധ യോഗങ്ങളിൽ അദ്ധ്യക്ഷന്മാരായിരുന്നു. പാസ്റ്റർമാരായ ജിമ്മി കുര്യാക്കോസ്, ജോസ് വർഗീസ്, വി.ടി. അന്ത്രയോസ്, ഷിബു ഫിലിപ്പ്, എം.ജെ. മത്തായി, ജോർജ് എൻ.ഏബ്രഹാം, ജയിംസ് അലക്സാണ്ടർ, ചാക്കോ ദേവസ്യാ, കെ.സി. സക്കറിയ, സാബു മത്തായി, ബാബു മഞ്ചേരി തുടങ്ങിയവർ പകൽ യോഗങ്ങളിൽ പ്രസംഗിച്ചു.

നവംബർ 19 ന് ഞായാഴ്ച സംയുക്ത ആരാധനയും തിരുവത്താഴ ശുശ്രൂഷയും നടന്നു. തുടർന്ന് നടന്ന സമാപന സമ്മേളനത്തിൽ മലബാറിലെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനം പാസ്റ്റർ ജോൺ ജോർജ് നിർവ്വഹിച്ചു. വാഹനമില്ലാത്ത 12 സുവിശേഷ പ്രവർത്തകർക്ക് ബൈക്ക് നല്കുന്നതിന്റെ ആദ്യഘട്ടം തെരെഞ്ഞെടുക്കപ്പെട്ട അഞ്ച് സുവിശേഷ പ്രവർത്തകർക്കുള്ള ബൈക്ക് വിതരണവും നടന്നു. മലബാറിലെ 100 സ്ഥലങ്ങളിൽ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന്റെ ആദ്യഘട്ടം എന്ന നിലയിൽ 15 പുതിയ പ്രവർത്തകർക്കു മാസം തോറുമുള്ള സഹായ വിതരണോദ്ഘാടനവും നടന്നു. പാസ്റ്റർ മാത്യൂസ് ചാക്കോ, സിനോജ് ജോർജ്, കെ.എസ്.യു നേതാവ് വി.എസ് ജോയി, ടോണി ഡി ചെവ്വൂക്കാരൻ എന്നിവർ ആശംസളറിയിച്ചു. ശാലേം വോയ്സ് പത്തനാപുരം ഗാനശുശ്രൂഷയ്ക്ക് നേതൃത്യം നല്കി. കൺവൻഷൻ ഭാരവാഹികളായ പാസ്റ്റർ ജെയിംസ് ഏബ്രഹാം, ജോർജ് തോമസ് വടക്കുഞ്ചേരി, ജയിംസ് വർക്കി നിലമ്പൂർ, സജി മത്തായി കാതേട്ട്, പാസ്റ്റർ ബിജു വർഗീസ് തുടങ്ങിയവർ നേതൃത്വം നല്കി.

## ഐ.പി.സി.യിലെ മാധ്യമപ്രവർത്തകരുടെയും എഴുത്തുകാരുടെയും സമ്മേളനം ഡിസം. 8 ന്

**കോട്ടയം:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയിലെ എഴുത്തുകാരുടെയും മാധ്യമ പ്രവർത്തകരുടെയും സംഗമം ഡിസംബർ 8 ന് വെള്ളിയാഴ്ച രാവിലെ 10ന് ഐ.പി.സി കോട്ടയം സീയോൻ ടാബർനാക്കിൾ ഹാളിൽ നടക്കും. ഐ.പി.സി.സംസ്ഥാന കൺവൻഷനോടനുബന്ധിച്ചുള്ള പ്രോഗ്രാമിന്റെ ഭാഗമായാണ് എഴുത്തുകാരും മാധ്യമ പ്രവർത്തകരും ഒത്തുക കൂടുന്നത്. പ്രമുഖ എഴുത്തുകാരും മാധ്യമ പ്രവർത്തകരുമായ പാസ്റ്റർ കെ.സി.ജോൺ, സി.വി.മാത്യു, സാജു മാത്യു, പാസ്റ്റർ സാംകുട്ടി ചാക്കോ നിലമ്പൂർ, അച്ചൻകുഞ്ഞ് ഇലന്തൂർ, ജോൺസൺ മാത്യു മാങ്ങാനം, ടി.എം. മാത്യു, പാസ്റ്റർ രാജു ആനിക്കാട്, ഫിന്നി പി.മാത്യു തുടങ്ങി ഒട്ടേറെ പേർ പങ്കെടുക്കും. ഐ.പി.സി നേതൃനിരയിലുള്ള പാസ്റ്റർമാരായ കെ.സി.തോമസ്, രാജു പൂവക്കാല, ഷിബു നെടുവേലിൽ, സി.സി.ഏബ്രഹാം, ബ്രദർ ജോയി താനുവേലിൽ, സജി പോൾ തുടങ്ങിയവരും പങ്കെടുക്കും. എഴുത്തുമേഖലയിൽ സജീവമായുള്ളവരും, വിവിധ പ്രസിദ്ധീകരണങ്ങളിലെ ചീഫ് എഡിറ്റർമാർ, എഡിറ്റർമാർ, ലേഖകരും ഓൺലൈൻ ന്യൂസ് പ്രവർത്തകരും പങ്കെടുക്കും.

# ഐ.പി.സി കേരളാ സംസ്ഥാന ശുശ്രൂഷക സമ്മേളനങ്ങളിൽ ആത്മീക കവിഞ്ഞൊഴുക്ക്




**നോർത്ത് സോൺ ശുശ്രൂഷക സമ്മേളനം പാസ്റ്റർ രവി മണി ബാംഗ്ലൂർ പ്രസംഗിക്കുന്നു**

ഐ.പി.സി കേരളാ സംസ്ഥാന ശുശ്രൂഷക സമ്മേളനങ്ങൾ വൻ വിജയം. കേരളത്തിലുടനീളം മൂന്ന് മേഖലകളിലായി നടന്ന സമ്മേളനങ്ങളിൽ മൂവായിരത്തിലധികം ദൈവദാസന്മാർ രജിസ്റ്റർ ചെയ്തു പങ്കെടുത്തു. റവ. ഡോ. ഡി. മോഹൻ ചെന്നൈ, പാസ്റ്റർ രവി മണി ബാംഗ്ലൂർ, ഡോ തോമസ് ഇടിക്കുള യു.എസ്.എ. എന്നിവർ മുഖ്യ പ്രഭാഷകരായിരുന്നു. നല്ല രീതിയിൽ ക്രമീകൃതമായി സംഘടിപ്പിച്ച സമ്മേളങ്ങൾ വളരെ ആവേശത്തോടെയാണ് ശുശ്രൂഷകന്മാർ സ്വീകരിച്ചത്. അനുഭവജ്ഞാനവും ആത്മനിറവിലുമുള്ള ദൈവദാസന്മാരുടെ ക്ലാസുകൾ വളരെ പ്രയോജനപ്പെട്ടു എന്ന് ഒട്ടുമിക്ക ശുശ്രൂഷകന്മാരും അഭിപ്രായപ്പെട്ടു. പ്രതിസന്ധികളും വെല്ലുവിളികളും തൃണവദ്ഗണിച്ചുകൊണ്ട് ഈ വർഷത്തെ ശുശ്രൂഷക സമ്മേളനങ്ങൾ ചരിത്ര വിജയമാക്കി തീർത്ത കേരളാ സംസ്ഥാന കൗൺസിൽ തീർച്ചയായും അഭിനന്ദനം അർഹിക്കുന്നു. തുടർന്നും ദൈവരാജ്യത്തിന്റെ വ്യാപ്തിക്കായി നമ്മുക്ക് ഒരുമിച്ചു പ്രവർത്തിക്കാം.



**സെൻട്രൽ സോൺ ശുശ്രൂഷക സമ്മേളനം**



**സൗത്ത് സോൺ ശുശ്രൂഷക സമ്മേളനം**

# കേരള സ്റ്റേറ്റ് പി.വൈ.പി.എ കായിക ദിനം വൻ വിജയം



കേരള സ്റ്റേറ്റ് പി.വൈ.പി.എ. കായികദിന ഉദ്ഘാടന സമ്മേളനത്തിൽ നിന്ന്

**തിരുവല്ല:** കേരള സ്റ്റേറ്റ് പി.വൈ.പി. എയുടെ ആഭിമുഖ്യത്തിൽ നവംബർ മാസം ഏഴാം തീയതി തിരുവല്ലയിലുള്ള വിവിധ ഗ്രൗണ്ടുകളിൽ വിവിധ കായിക ഇനങ്ങൾ നടത്തപ്പെട്ടു. പ്രഥമ സംരഭമായിട്ടും കേരളത്തിലുള്ള വിവിധ മേഖലകൾ വളരെയധികം ഉത്സാഹത്തോടെ പങ്കെടുത്തു. അന്നേ ദിവസം രാവിലെ കേരള സ്റ്റേറ്റ് പി.വൈ.പി.എ പ്രസിഡന്റ് ബ്രദർ സുധി ഏബ്രഹാം കല്ലിങ്കലിന്റെ അദ്ധ്യക്ഷതയിൽ തുടങ്ങിയ മീറ്റിംങ്ങിൽ രാജ്യസഭ ഉപാധ്യക്ഷ്യൻ പ്രൊ. പി.ജെ. കുര്യൻ ഫ്ളാഗ് ഓഫ് ചെയ്തു. തുടർന്ന് മുൻ ഇൻഡ്യൻ ഫുട്ബോൾ താരം പ്രദീപ്, തിരുവല്ല വൈ.എം.സി.എ പ്രസിഡന്റ് അഡ്വ. വർഗ്ഗീസ് മാമ്മൻ ആശംസകൾ അറിയിച്ചു. ഏകദേശം 9 മണിയോടു കൂടി കായിക മത്സരങ്ങൾ വിവിധ ഗ്രൗണ്ടുകളിൽ ആരംഭിച്ചു. പ്രഥമ ഘട്ടത്തിൽ ക്രിക്കറ്റ്, ഫുട്ബോൾ, വോളിബോൾ ബാഡ്മിന്റൺ എന്നീ ഇനങ്ങൾ സംഘടിപ്പിച്ചു. മുന്നൂറ്റി അൻപതിലധികം പി.വൈ.പി.എ അംഗങ്ങൾ വിവിധ കായിക ഇനങ്ങളിൽ പങ്കെടുത്തു.

മേഖലകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങളാണ് സ്റ്റേറ്റ് തല മത്സരങ്ങളിൽ പങ്കെടുത്തത്. പ്രതികൂല കാലാവസ്ഥയിലും ക്രിക്കറ്റ് ഒഴികെയുള്ള കായികയിനങ്ങൾ പൂർത്തിയാക്കാൻ സാധിച്ചു. യുവജനങ്ങൾ തമ്മിലുള്ള സൗഹൃദത്തിനും കൂട്ടായ്മയ്ക്കും ഈ കായികദിനം വഴിയൊരുക്കി. 2017-ലെ കേരള സ്റ്റേറ്റ് ഫുട്ബോൾ ജേതാക്കൾ കോട്ടയം മേഖലയും റണ്ണേഴ്സ് അപ്പ് ഹൈറേഞ്ച് മേഖലയുമാണ്. വോളിബോൾ മത്സരത്തിൽ പത്തനംതിട്ട മേഖല ജേതാക്കൾ ആകുകയും റണ്ണേസ് അപ്പ് സ്ഥാനം തിരുവനന്തപുരം മേഖല നേടുകയും ചെയ്തു. ബാഡ്മിന്റണിൽ പത്തനംതിട്ട മേഖലയിലെ ജസ്റ്റിൻ നെടുവേലിൽ- ഷോൺ സഖ്യം ജേതാക്കൾ ആകുകയും തിരുവന്തപുരം മേഖലയിലെ മാത്യൂസ് - തോമസ് സംഖ്യം റണ്ണേഴ്സ് അപ്പ് ആകുകയും ചെയ്തു.

പ്രതികൂല കാലാവസ്ഥ ആയിരുന്നതിനാൽ ക്രിക്കറ്റിന്റെ ഫൈനൽ മറ്റൊരു ദിവസത്തേക്ക് മാറ്റി വയ്ക്കുകയായിരുന്നു. ക്രിക്കറ്റിന്റെ ഫൈനലുകളിൽ എത്തിയിരിക്കുന്നത് എറണാകുളം മേഖലയും പത്തനംതിട്ട മേഖലയുമാണ്. കേരള സ്റ്റേറ്റ് പി.വൈ.പി.എ എക്സിക്യൂട്ടീവിന്റെയും കമ്മിറ്റി അംഗങ്ങളുടെയും നേതൃത്വത്തിലായിരുന്നു കായികദിനം നടത്തപ്പെട്ടത്.


ഉദ്ഘാടന സമ്മേളനത്തിൽ നിന്ന്

## താലന്തു പരിശോധന

**ഈരാറ്റുപേട്ട:** ഐ.പി.സി ഈരാറ്റുപേട്ട സെന്ററിന്റെയും സണ്ടേസ്കൂളിന്റെയും പി.വൈ.പി.എ യുടെയും താലന്തുപരിശോധന 18/10/2017 ന് ഈരാറ്റുപേട്ട ഐ.പി.സി, ഷെക്കേന ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. പാസ്റ്റർ രാജേഷ് പ്ലാത്തോട്ടം നേതൃത്വം നൽകി. ഏറ്റവും കൂടുതൽ പോയിന്റ് നേടി ഈരാറ്റുപേട്ട സഭ ഒന്നാം സ്ഥാനവും ചോലത്തടം സഭ സഭ രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

## ഐ.പി.സി ചിറയിൻകീഴ് സെന്റർ വാർഷിക കൺവൻഷൻ

**തിരുവനന്തപുരം:** ഐ.പി.സി ചിറയിൻകീഴ് സെന്ററിന്റെ ഇരുപതാം വാർഷിക കൺവൻഷൻ ഡിസംബർ 27 മുതൽ 31 വരെ നടക്കും. 27ന് സെന്റർ ശുശ്രൂഷകൻ പാസ്റ്റർ പി.ജെ ഡാനിയേൽ ഉദ്ഘാടനം ചെയ്യും. തുടർന്നുള്ള ദിവസങ്ങളിൽ അഭിഷക്തരായ ദൈവദാസന്മാർ വചനം ശുശ്രൂഷിക്കുന്നു. 30-ാം തീയതി സെന്ററിന്റെ വാർഷിക സമ്മേളനവും ആൽഫ ബൈബിൾ ട്രെയിനിംഗ് സെന്ററിന്റെ ഗ്രാഡുവേഷൻ നടക്കുകയും ചെയ്യും. പ്രസ്തുത സമ്മേളനത്തിൽ ഐ.പി.സി കേരള സ്റ്റേറ്റ് ട്രഷറാർ ബ്രദർ ജോയി താനുവേലിൽ മുഖ്യ അതിഥിയായിരിക്കും. അന്നേ ദിവസം ഉച്ചയ്ക്ക് 2 മണി മുതൽ പി.വൈ.പി.എ സണ്ടേസ്കൂൾ വാർഷികയോഗം നടക്കും.




# I.P.C. Worship Centre


Sharjah, Al-Ain, United Arab Emirates



**Pr. Wilson Joseph**
Senior Pastor
General Vice President, IPC

Weekly Meetings
**Worship Meeting**
**Friday:**
Main Hall (5:00 pm to 8:00 pm)
**Sunday:**
Hall No. 1 (8.:30 pm to 10:00 pm)
**Fasting Prayers:**
Friday 10:30 am - 1:00 pm (Hall - 2)
Last 3 days of the month
**English & Tamil Worship:**
Saturday 7:00 pm to 10:00 pm


## സീയോൻ കാഹളം സബ് എഡിറ്റേഴ്സ്




പാസ്റ്റർ അനിയൻകുഞ്ഞ്
ചേടിയത്ത്



പാസ്റ്റർ ബിനു
കൊന്നപ്പാറ



ജോസി പ്ലാത്താനത്ത്




Printed and Published by Gladson Jacob for IPC Kerala State, Hebron, Kumbanad.
Chief Editor: Sudhi Kallumkal. Layout: Global, Tiruvalla.